# ലാൻഡ്‌വേ ന്യൂസ്

Bringing You Closer to God
LANDWAY

www.landwaynews.com • Email: landwaynews@gmail.com

SCAN TO READ ONLINE

10 മാർച്ച് 2017

Volume No.3 • Issue No. 3 • Pages 8 • Price: INR 10/- • Published From Pathanamthitta


## ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി ഗ്രാജുവേഷൻ



*ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ഗ്രാജുവേഷനിൽ റവ. ഡോ. ജോൺസൺ ഡാനിയേൽ ബിരുദം നൽകുന്നു.*

ചെറുവക്കൽ: ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ഗ്രാഡുവേഷൻ സർവ്വീസ് 2016 ഡിസംബർ 24 -ാം തീയതി ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ആഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. ഡിസംബർ 24 -ന് ന്യൂ ലൈഫ് ഗ്രൗണ്ടിൽ ബിരുദദാന സമ്മേളനത്തിൽ സഭാനേതാക്കൾ, വിശ്വാസികൾ, സാമൂഹ്യപ്രവർത്തകർ തുടങ്ങി ആയിരങ്ങളെ സാക്ഷിനിർത്തി സെമിനാരിയുടെ സ്ഥാപക പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ ബിരുദം നൽകി. എ.ജി. മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് വി.റ്റി. എബ്രഹാം മുഖ്യ അതിഥി ആയിരുന്നു. വേദപാണ്ഡിത്യവും, അനുഭവസമ്പത്തുമുള്ള അധ്യാപകരുടെ നേതൃത്വത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും 150 -ൽ പരം വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നു.

ഡോ. രാജീവ് എം. തോമസ് പ്രിൻസിപ്പാളായും, റവ. ക്രിസ്റ്റഫർ സി. തമ്പി അക്കാഡമിക് ഡീനായും, റവ. സ്റ്റാൻലി ജോസ് രജിസ്ട്രാറായും ചുമതല വഹിക്കുന്നു. ഈ വർഷം 53 വിദ്യാർത്ഥികൾ പ്രേഷിതദൗത്യവുമായി സുവിശേഷ വയലുകളിലേക്ക് ഇവിടെനിന്നും പുറത്തിറങ്ങി. ഗ്രാഡുവേഷനോടനുബന്ധിച്ച് നടന്ന സാംസ്ക്കാരിക സമ്മേളനത്തിൽ നിർദ്ധനരായ അർബുദരോഗികൾക്കുള്ള ചികിത്സാ സഹായവിതരണം പഞ്ചായത്ത് പ്രസിഡന്റ് കുമാരി എസ്. ചിത്രയും 200 കോളേജ് സ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള സഹായവിതരണം ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ. ഡാനിയേലും തൊഴിൽരഹിതർക്ക് നൽകുന്ന തയ്യൽ മെഷീൻ വിതരണം മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വാളിയോട് ജേക്കബും നിർവ്വഹിച്ചു.

ഇവിടെ M.Th (Missiology), M.Th (Church History), M.Div, M.Div Distant Education, B.Th (Malayalam & English), Dip.Th (English) എന്നീ കോഴ്സുകൾ എ.റ്റി.എ അംഗീകാരമുള്ളതും G.Th (Malayalam) കോളേജ് കോഴ്സായും നടത്തപ്പെടുന്നു. അടുത്ത അധ്യയന വർഷം ഏപ്രിൽ 24 – ന് തുടങ്ങും.

## താലെന്റ് ടെസ്റ്റ് 2017




യു.എ.ഇ: ഖോർഫാക്കാൻ ശാലോം ചർച്ചിന്റെ ആഭിമുഖ്യത്തിൽ താലെന്റ് ടെസ്റ്റ് നടത്തി. പതിനാറു ഇനങ്ങളിലായി സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ മത്സരം നടന്നു. ഗായകനും, മ്യൂസിക് പ്രൊഡ്യൂസറുമായ സണ്ണി മെഴുവേലി, വചനപ്രഘോഷകനായ ഷിജു സാമുവേൽ, ഹന്ന റേച്ചൽ എന്നിവർ വിധികർത്താക്കൾ ആയിരുന്നു. മത്സരങ്ങൾക്ക് ഡഗ്ളസ് ജോസഫ്, സഭാ സെക്രട്ടറി ജോൺസൺ ജോർജ്ജ്, ജോളി ചാക്കോ, പ്രിൻസ് ചാക്കോ എന്നിവർ നേതൃത്വം നൽകി. മത്സരവിജയികൾക്ക് സണ്ടേസ്കൂൾ സംയുക്ത വാർഷികത്തിൽവച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുമെന്നു യൂത്ത് സെക്രട്ടറിയും, സൺഡേസ്കൂൾ ഹെഡ്മാസ്റ്ററുമായ ഡഗ്ളസ് ജോസഫ് അറിയിച്ചു.

## നിത്യതയിൽ



ആലപ്പുഴ: ചുനക്കര ചെറുതിട്ടയിൽ പാസ്റ്റർ റെജി തോമസിന്റെ ഭാര്യ പ്രിയ (35) നിര്യാതരായി. ഈ കുടുംബം രാജസ്ഥാനിലെ ഉദയ്പൂർ ഫിലദെൽഫ്യ സഭയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരികയായിരുന്നു. കഴിഞ്ഞ ചില ആഴ്ചയ്ക്കുമുൻപ് പ്രിയയെ ശരീരത്തിൽ അസ്വസ്ഥതയെ തുടർന്ന് ആശുപത്രികളിൽ കാണിച്ചുവെങ്കിലും രോഗ നിർണ്ണയത്തിനായി എറണാകുളം ലേക്ഷോർ ആശുപത്രിയിൽ കൊണ്ടുവരികയായിരുന്നു. പരിശോധനയിൽ ലിവറിന് ക്യാൻസർ ബാധിച്ചതായും ചികിത്സിച്ചു ഭേദമാക്കാൻ പറ്റാത്ത നിലയിൽ പടർന്നിരിക്കുന്നുവെന്നും ഡോക്ടേഴ്സിന്റെ നിർദ്ദേശ പ്രകാരം വീട്ടിലേക്ക് കൊണ്ടുവരികയും ചില ദിവസങ്ങൾക്കുള്ളിൽ മരണമടയുകയായിരുന്നു. പ്രിയ ആറാട്ടുപുഴ സ്വദേശിയും ആറാട്ടുപുഴ ഐ.പി.സി സഭാംഗവും ഭർത്താവ് പാസ്റ്റർ റെജി ചുനക്കര ഐ.പി.സി സഭാംഗവുമാണ്. അനേകം നാട്ടുകാരുടെയും ബന്ധുമിത്രാദികളുടെയും ദൈവദാസന്മാരുടെയും വിശ്വാസികളുടെയും രാഷ്ട്രീയ നേതാക്കളുടെയും മാധ്യമ പ്രവർത്തകരുടെയും വലിയൊരു ജനാവലിയോടുകൂടി ഐ.പി.സി യുടെ സെമിത്തേരിയിൽ ശുശ്രൂഷകൾ ചെയ്തു. മക്കൾ: ഷിഫാ മോൾ, ശാലോം മോൻ.

## യൂത്ത് കൗൺസിൽ നിലവിൽ വന്നു




*പെന്തെക്കോസ്തൽ യൂത്ത് കൗൺസിൽ സംസ്ഥാനതല ഉദ്ഘാടനം പി.സി.ഐ ദേശീയപ്രസിഡന്റ് ബ്രദർ കെ. എബ്രഹാം നിർവഹിക്കുന്നു*

തിരുവല്ല: പെന്തെക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ യുവജനവിഭാഗമായ പെന്തെക്കോസ്തൽ യൂത്ത് കൗൺസിലിന്റെ സംസ്ഥാന ഉത്ഘാടനം ഫെബ്രുവരി 14 ന് തിരുവല്ല വൈ.എം.സി.എ ഹാളിൽ നടത്തപ്പെട്ടു. പി.സി.ഐ യുടെ മുൻപന്തിയിൽ നിൽക്കുന്ന ദൈവദാസൻമാരായ ജെ. ജോസഫ്, പി.ജി. ജോർജ്ജ്, ജോസ് അതുല്യ, കെ. ഏബ്രഹാം, ഗ്ലാഡ്സൺ ജേക്കബ്, രാജു പൂവക്കാല എന്നിവരും പങ്കെടുത്തു. കൂടാതെ വിശിഷ്ട അതിഥികളായി ആന്റോ ആന്റണി എം.പി, രാജു ഏബ്രഹാം എം.എൽ.എ, അഡ്വ. സനൽകുമാർ എന്നിവരും പങ്കെടുത്തു. പാസ്റ്റർ ജെയ്സ് പാണ്ടനാട് ലോഗോ പ്രകാശനം ചെയ്തു. ദൈവദാസന്മാരായ സണ്ണിക്കുട്ടി, പ്രിൻസ് തോമസ്, ഫിലിപ്പ് എബ്രഹാം, അജു അലക്സ്, എ.വി. അഭിലാഷ്, റോയിസൺ ജോണി, നിക്സൺ മുട്ടാർ, ബേബി കടമ്പനാട്, സാജൻ സാമുവേൽ തുടങ്ങിയവർ പങ്കെടുത്തു.

## യൂത്ത് കൗൺസിൽ ഭാരവാഹികൾ



ലിജോ കെ. ജോസഫ്



ബെസ്സിൻ ജോൺ



ജിനു വർഗീസ്

തിരുവല്ല: പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ യുവജനവിഭാഗമായ യൂത്ത് കൗൺസിലിന്റെ (പി.വൈ.സി) ഭാരവാഹികളായി പാസ്റ്റർമാരായ ലിജോ കെ. ജോസഫ് (പ്രസിഡന്റ്), സാം ഇളമ്പൽ, അജു അലക്സ്, നിക്സൻ മുട്ടാർ (വൈ.പ്രസിഡന്റ്), ബെസ്സിൻ ജോൺ മലയിൽ (സെക്രട്ടറി), സോവി മാത്യു, മാത്യു ബേബി, ജിബിൻ പൂവക്കാല (ജോ. സെക്രട്ടറി), ജിനു വർഗീസ് (ട്രഷറാർ), ജെ. പി. വെണ്ണിക്കുളം (മീഡിയാ കൺവീനർ), രാജൻ മാത്യു (പ്രയർ കൺവീനർ), ജെ. യേശുദാസ് (ചാരിറ്റി) എന്നിവരെ തെരഞ്ഞെടുത്തു.

## ഭാരതപ്പുഴ കൺവൻഷൻ സമാപിച്ചു

ഒറ്റപ്പാലം: 2017 ഫെബ്രുവരി 23 മുതൽ 26 വരെ ഒറ്റപ്പാലത്തെ മണൽപ്പുറത്ത് ഭാരതപ്പുഴ കൺവൻഷൻ നടത്തപ്പെട്ടു. ദൈവദാസന്മാരായ തോമസ് മാമ്മൻ, വർഗീസ് എബ്രഹാം, ടി.ജെ. ശമുവേൽ, ബാബു ചെറിയാൻ എന്നിവർ പ്രസംഗിച്ചു. സ്റ്റീഫൻ ദേവസിയാ, ബ്ലെസ്സൻ മേമന, ശാലേം വോയ്സ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഉപവാസനപ്രാർത്ഥന, യുവജനസമ്മേളനം എന്നിവ വളരെ പ്രത്യേകത ഉളവാക്കിയതായിരുന്നു. വിദൂരങ്ങളിൽ നിന്നും വന്നവർക്ക് താമസസൗകര്യങ്ങളും മറ്റ് ക്രമീകരണങ്ങളും ചെയ്തിരുന്നു. തെക്കെ മലബാറിലെ ഏറ്റവും വലിയ ആത്മീയ സംഗമമാണ് ഭാരതപ്പുഴ കൺവൻഷൻ. വിവിധകാര്യങ്ങൾക്കായി സെക്രട്ടറി പി.കെ. ദേവസിയും കോർഡിനേറ്ററായി സജി മത്തായി കാതേട്ടും മീഡിയാ കൺവീനറായി സാം കൊണ്ടാഴിയും പ്രവർത്തിച്ചു.


2 കൂട്ടുകാരോടൊപ്പം അല്പ നേരം — സന്തോഷ് പന്തളം
2 മക്കളുടെ മനസ് മാറരുത് — ഷെറിൻ ഷേർളി സന്തോഷ്
3 മറുരൂപ മലയിലെ മർമ്മങ്ങൾ — ജോൺസൻ കണ്ണൂർ
4 THE ART OF PUBLIC SPEAKING — Duglas Joseph
7 സ്വർണ്ണം ദൈവരാജ്യത്തിന് കെണിയോ? — സാജു ജോർജ്, ഉറുകുന്ന്

**LANDWAY NEWS**
**EDITORIAL BOARD**
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

ETHIOPIA
Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

**വരിസംഖ്യ?**

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

# കൂട്ടുകാരോടൊപ്പം അല്പനേരം

> ലോകം അറിയുവാൻ നാം ഒരിക്കലും ആഗ്രഹിക്കരുത്. മറിച്ച് ദൈവം നമ്മെ അറിയാൻ നാം ശ്രമിക്കണം.

അനേകം കൂട്ടുകാരെ നമുക്ക് ഈ ലോക ജീവിതത്തിൽ കാണുവാൻ കഴിയും. അവർ ചെറിയവരും വലിയവരുമായിരിക്കും. വ്യത്യസ്ത ഭവനങ്ങളിൽ ജനിച്ചുവളർന്നവർ, സ്വഭാവത്തിൽ മാറ്റമുള്ളവർ, വിദ്യാഭ്യാ സത്തിൽ ഏറ്റക്കുറച്ചിലുള്ളവർ, സൗന്ദര്യത്തിൽ മാറ്റമുള്ളവർ, ലിംഗവ്യത്യാസമുള്ളവർ ഇങ്ങനെ തുടരുന്നു കൂട്ടുകാരുടെ ബന്ധങ്ങൾ. കൂട്ടുകാർ ആരെന്ന് മനസ്സിലാകുന്നത് സൗന്ദര്യത്തിന്റെ അളവുകോൽ കൊണ്ട് ഒരിക്കലും നിജപ്പെടുത്താൻ പാടില്ല.

ഇന്ത്യയുടെ രാഷ്ട്രപിതാവെന്നറിയുന്ന ഗാന്ധിജിയോടു ഒരു മനുഷ്യൻ ചോദിച്ചു എന്നെ നിനക്കറിയാമോ? ഗാന്ധിജി കുറെ ചിന്തിച്ചിട്ട് മറുപടി പറഞ്ഞു ''നിന്റെ കൂട്ടുകാരൻ ആരെന്ന് നീ എന്നോടു പറയൂ എങ്കിൽ നീ ആരെന്ന് ഞാൻ നിന്നോട് പറയാം'' ഇത് ഒരിക്കലും തള്ളിക്കളയാൻ പറ്റാത്ത വാചകമാണ്. നമ്മുടെ കൂട്ടുകാർ ആരാണോ അവരുടെ സ്വഭാവവും ഇടപെടലുകളുമായിരിക്കും നമ്മുടേത് എന്ന് പറയു ന്നതിൽ തെറ്റില്ല. യൗവ്വനക്കാരുടെ കൂട്ടുകെട്ടുകൾ അതീവശ്രദ്ധയോടെ നിയന്ത്രിച്ചില്ലെങ്കിൽ അപകടമെന്ന പടുകുഴിയിൽ ചെന്ന് കൂപ്പുകുത്താൻ സാധ്യതയുണ്ട്.

മുമ്പിലുള്ള കുഴിയിൽ ചെന്ന് ചാടിയിട്ടു പിന്നെ കരഞ്ഞിട്ട് കാര്യമില്ല. മുമ്പിൽ പതിയിരിക്കുന്ന ശത്രുവിന്റെ തന്ത്രങ്ങളെ നാം മുൻകൂട്ടി അറിയുന്നവരായിരിക്കണം. പലരും പാപത്തിന് അടിമയായിട്ട് അതിൽ നിന്നും രക്ഷ നേടുവാൻ കഴിയാതെ കൂട്ടുകെട്ടിൽ അകപ്പെട്ടു കിടക്കുന്ന അനേക സംഭവങ്ങൾ എന്റെ മുമ്പിൽ കണ്ടിട്ടുണ്ട്. കൂട്ടുകാരോടൊപ്പം അല്പനേരം മാത്രമേ ചെലവിടാൻ പാടുള്ളു. നമ്മുടെ നല്ല കൂട്ടുകാരൻ യേശു മാത്രമാണ്.

വെള്ളപ്പൊക്കത്തിൽ ഒഴുകിവന്ന ചാക്ക്കെട്ട് കണ്ട് ചാടിപ്പിടിച്ച മനുഷ്യനെ ചാക്ക്കെട്ടിലുള്ള മറ്റൊന്ന് അവനെ കെട്ടിപ്പിടിച്ചു. കരക്ക് നിൽക്കുന്നവൻ വിളിച്ചു പറഞ്ഞു എടാ അതിനെ വിട്ടിട്ട് നീ കരക്ക് കയറുക. പിടിച്ചവൻ പറഞ്ഞ വാക്ക് അതിപ്രധാനമാണ് ''എടാ ഞാൻ വിട്ടിട്ടും എന്നെ വിടുന്നില്ല'' കാര്യം തെരക്കിയപ്പോഴായിരുന്നു അറിയുന്നത് അതൊരു ''കരടി'' ആയായിരുന്നു.

ഇതുപോലുള്ള കരടികൾ നമ്മുടെ കൂടെയും പലപ്പോഴും പിൻതുടരുന്നു. മൊബൈലായിട്ടും, ഇമെ യിലായിട്ടും, ടാബ് ആയിട്ടും, മെസേജ് ആയിട്ടും ഒക്കെ പിൻതുടരുന്നുണ്ട്. ഇതിനെ ഗൗരവപൂർവ്വം മനസ്സിലാക്കി ഉപയോഗിച്ചില്ലെങ്കിൽ കൂട്ടുകെട്ടിലെ അപാകതകൾ അപകടങ്ങളിലേക്കു കൊണ്ടെത്തിക്കാൻ സാധ്യ തയുണ്ട്. നാം ദൈവഭയത്തിൽ പ്രാർത്ഥനയ്ക്ക് സമയം വേർതിരിച്ചാൽ നമ്മുടെ ജീവിതം മറ്റുള്ളവർക്കും ദൈവത്തിനും പ്രയോജനമുള്ളതായിത്തീരും. ഓർക്കുക ''പ്രാർത്ഥിക്കുന്നവരെ ദൈവം അറിയും. പ്രസംഗിക്കുന്നവരെ ലോകം അറിയും''. ലോകം അറിയുവാൻ നാം ഒരിക്കലും ആഗ്രഹിക്കരുത്. മറിച്ച് ദൈവം നമ്മെ അറിയാൻ നാം ശ്രമിക്കണം. കൂട്ടുകെട്ടുകളെ വ്യക്തതയോടെ മനസ്സിലാക്കി ചുവടുകൾ മുമ്പോട്ട് വയ്ക്കുക. ലോകം വഴുവഴുപ്പു ള്ളതാണ് അതിൽ ചെന്ന് ചാടിയാൽ പിന്നെ കരകയറാൻ കഴിയുകയില്ലായെന്ന് ഓർപ്പിച്ചുകൊണ്ട് നിറുത്തട്ടെ.

# മക്കളുടെ മനസ് മാറരുത്

**മാതാപിതാക്കളുടെ ഉള്ളുരുകുവാൻ നാം ഇടകൊടുക്കരുത്. അവരോട് കൈപ്പായിരിക്കുകയുമരുത്. മാതാപിതാക്കൾ വഴക്ക് പറയുമെങ്കിലും അവരുടെയുള്ളിൽ നിന്നും അത് മായിച്ചുകളഞ്ഞിരിക്കും.**

മക്കളെ നല്ല സ്ഥാനങ്ങളിൽ എത്തിക്കണമെന്ന് ചിന്തിക്കുന്നവരാണ് ഭൂരിഭാഗം മാതാപിതാക്കളും. അവരുടെ ഇഷ്ടാനുഷ്ടങ്ങൾ മാറ്റിവച്ചിട്ട് തലമുറകളെ ദിനംതോറും പോറ്റി പുലർത്തുന്നു. അവർക്ക് വേണ്ട വിധത്തിലുള്ള വിദ്യാഭ്യാസവും നൽകിക്കൊടുക്കുന്നു. അതിനൊപ്പം ശാസനകളും ശിക്ഷകളും നൽകുവാൻ മാതാപിതാക്കൾക്ക് അവകാശവുമുണ്ട്. മക്കളെ ഉന്നതികളിൽ കൊണ്ടെത്തിക്കുമ്പോൾ അവരിലുള്ള ആത്മസന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്ത നിലയിലായിരിക്കും. ഒപ്പം അവരുടെ ചിന്ത എന്റെ കുട്ടികൾ എന്റെ പ്രയാസഘട്ടങ്ങളിൽ നോക്കും ഒപ്പം അവർ എന്നോടുകൂടെ ഉണ്ടായിരിക്കും. പക്ഷേ പലയിടങ്ങളിലും നേരെ തിരിച്ചാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് പറയാതെ വയ്യ. മാതാപിതാക്കളുടെ ചിന്ത കൾക്കപ്പുറം മക്കളുടെ ഭാഗത്ത് നിന്നും വരുന്ന വേദനകൾ മാതാപിതാക്കൾക്ക് താങ്ങാൻ കഴിയുന്നതിലും അപ്പുറമായിരിക്കുമെന്ന് മക്കൾ ചിന്തിക്കണം.

മാതാപിതാക്കളുടെ ഉള്ളുരുകുവാൻ നാം ഇടകൊടുക്കരുത്. അവരോട് കൈപ്പായിരിക്കുകയുമരുത്. മാതാപിതാക്കൾ വഴക്ക് പറയുമെങ്കിലും അവരുടെയുള്ളിൽ നിന്നും അത് മായിച്ചുകളഞ്ഞിരിക്കും. ഇങ്ങനെയൊക്കെ ചിന്തിക്കണമെങ്കിൽ നാമൊരു മാതാവോ പിതാവോ ആകണമെന്നില്ല. മറിച്ച് ദൈവം നൽകിയ ബുദ്ധി ഉപയോഗിച്ച് ചിന്തിച്ചാൽ മതിയാകും.

പക്ഷേ മക്കൾ അങ്ങനെയല്ല മിക്കവാറുമുള്ളവരും മാതാപിതാക്കളൊട് പ്രതികരിക്കും. മാതാപിതാക്കളോട് കൈപ്പായി ഇടപെടും. നാം ബഹുമാനം കൊടുക്കേണ്ട സമയത്ത് മാതാപിതാക്കളോട് സ്നേഹപൂർവ്വം ഇടപെടുക. അല്ലാതെ മരിച്ചുകഴിഞ്ഞിട്ട് വാനോളം



**ഷെറിൻ ഷേർളി സന്തോഷ്**

പുകഴ്ത്തുന്നത് നല്ലതല്ല എന്നു കൂടെ അറിയിക്കട്ടെ. നമുക്ക് ദീർഘായുസ്സു ഉണ്ടാകേണ്ടതിന് മാതാപിതാക്കളെ ബഹുമാനിക്കുവാൻ നാം മറന്നുപോകരുത്.

ഒരു സംഭവകഥ ഞാൻ ഇവിടെ കുറിക്കുന്നു. ഒരു കുടുംബത്തിലെ മാതാപിതാക്കൾക്ക് 4 മക്കൾ 3 പെണ്ണ് 1 ആണ്. അപ്പൻ കൽപ്പണി ചെയ്ത് മൂന്ന് പെൺമക്കളെ കെട്ടിച്ചു ഒരു മകനെയും പഠിപ്പിച്ച് വിവാഹിതനാക്കി. മകന്റെ ജോലിക്കു വേണ്ടി ഒരു ബന്ധുവിനോട് പറഞ്ഞ് വടക്കേ ഇന്ത്യയിൽ ജോലി വാങ്ങിച്ചുകൊടുത്തു. അപ്പനെയും അമ്മയെയും മകൻ തിരിഞ്ഞു നോക്കാതെയായി. അമ്മ ക്യാൻസറിനാൽ മരണമടഞ്ഞു. അപ്പന്റെ ചിറക് ഒടിഞ്ഞ അവസ്ഥയിലായി. അപ്പൻ പെൺമക്കളുടെ വീടുകളിൽ പലപ്പോഴും പോകുകയും അവരുമായി താമസിക്കുകയും ചെയ്തു. താൻ മകനുമായി ബന്ധമില്ലാതെ ശരീരക്ഷീണത്താൽ ദീർഘ 9 വർഷത്തോളം ജീവിച്ച് മരണമടയുകയും ചെയ്തു. മരണവാർത്ത അറിഞ്ഞ മകൻ മോർച്ചറിയിൽ വച്ചിരുന്ന അപ്പന്റെ ശരീരത്തിൽ ഇടുവാൻ വിലപിടിപ്പുള്ള വസ്ത്രങ്ങൾ വാങ്ങിച്ചുകൊണ്ടുവന്നു. മറ്റുള്ളവരെ കാണിക്കാൻ വേണ്ടി മാത്രം ഈ വസ്ത്രം തന്നെ ശവശരീരത്തിൽ അണിഞ്ഞു. ആരും ഒരു വാക്കു പോലും ഉരിയാടാതെ നിന്നു. എങ്കിലും മകന്റെ അഹംഭാവത്തോടുള്ള ഇടപെടലും സംസാരവും ബന്ധുജനങ്ങളെ ചൊടിപ്പിച്ചുകൊണ്ടേയിരുന്നു.

മകൻ നിൽക്കുന്നവരോടു പകയോടുള്ള ഇടപെടൽ നടത്തിയപ്പോൾ പ്രായമുള്ള ഒരു മനുഷ്യൻ മുന്നിൽ വന്നു മകനോട് ചോദിച്ചു: ''എന്തിനാണ് നീ ഇങ്ങനെ പ്രതികരിക്കുന്നത്? നിന്റെ അപ്പനെ ഞങ്ങൾ നോക്കിയതിന്റെ കൂലിയാണോ ഞങ്ങൾക്ക് നൽകുന്നത്? നിറുത്തൂ എന്ന് ഉറക്കെ ആക്രോശിച്ചു.'' മകന്റെ വഴികാട്ടിയായ അപ്പന് നൽകിയ ഏകനന്മ മരിച്ചപ്പോൾ ധരിപ്പിച്ച വസ്ത്രം മാത്രം. ആ വസ്ത്രം മണ്ണിലെ പുഴുവും ചിതലുമാണ് തിന്നത് അല്ലാതെ ആർക്കും യാതൊരു ആശ്വാസത്തിനോ നന്മക്കോ ഉപകരിച്ചിട്ടില്ല. മക്കൾമാരെ നമുക്ക് ദീർഘായുസ്സ് ലഭിക്കുവാനും നമ്മുടെ ജീവിതത്തിന് നന്മയുണ്ടാകുവാനും അപ്പനെയും അമ്മയെയും ധനംകൊണ്ടും, മാനംകൊണ്ടും, സ്നേഹംകൊണ്ടും മാനിക്കണം ഇത് ദൈവകൽപനയല്ലോ. മാതാപിതാക്കളെ വേദനിപ്പിക്കരുത് നാം നന്മ വിതച്ചാൽ നന്മ തന്നെ കൊയ്യും. തിന്മ വിതച്ചാൽ തിന്മ തന്നെ കൊയ്യും. ഈ ലേഖനം നമുക്കൊരു മുന്നറിയിപ്പായി തീരട്ടെ.

പാപവും ശാപവും നിറഞ്ഞ ഈ ഭൂമി മാറി പുതിയ ആകാശവും പുതിയ ഭൂമിയും വരും. നാം അക്ഷയരായി ഉയർക്കും.

# മറുരൂപമലയിലെ മർമ്മങ്ങൾ



ജോൺസൺ കണ്ണൂർ



സത്യവേദപുസ്തകത്തിൽ നിരവധി മലകൾ നമുക്ക് കാണാൻ കഴിയും. സീനായ് മല, ഹോരേബ് മല, കർമ്മേൽ മല, ഒലിവുമല, മോറിയാമല, കാൽവറിമല ഇങ്ങനെ പോകുന്നു അതിന്റെ പട്ടിക. സീനായി മലയിൽ ദൈവം ഇറങ്ങിവന്നയിടമാണ്. സീനായിൽ പഴയനിയമഭക്തന്മാർക്കുവേണ്ടി യഹോവ പ്രത്യക്ഷപ്പെട്ടു. ഒലിവുമലയിൽ താമസമന്യേ യേശു പാദം ചവിട്ടും. മോറിയാമലയിൽ അബ്രഹാം യാഗം കഴിക്കുന്നു. കർമ്മേലിൽ ഏലിയാവ് തീയിറക്കി യാഗവസ്തു ദഹിപ്പിക്കുന്നു. എന്നാൽ മറുരൂപ മല മാറ്റങ്ങളുടേയും നിഗൂഢതകൾ നിറഞ്ഞതുമാണ്. പഴയനിയമത്തിന്റെ പ്രതിനിധികളും, പുതിയ നിയമത്തിന്റെ വക്താക്കളും കൂടെ ഒന്നിച്ച് സമ്മേളിച്ച മല.

ഇവിടെ യേശുവിന്റെ അങ്കി അത്യന്തം വെള്ളയായി തീർന്നു. കടലിന്റെ മുകളിലൂടെ നടന്നപ്പോഴും, അഞ്ച് അപ്പം കൊണ്ട് ആയിരങ്ങളെ ഭോഷിപ്പിക്കുമ്പോഴും ഗിരിപ്രഭാഷണം നടത്തുമ്പോഴും ഈ അങ്കി തന്നെ ആയിരുന്നു. എന്നാൽ അതേ അങ്കി മരുരൂപമലയിൽ അത്യന്തം വെള്ളയായി. ദൈവതേജസിന്റെ മർമ്മം നമുക്ക് കാണണമെങ്കിൽ ഇതുപോലെയുള്ള മേഖലകളിൽ നാം ചെന്നെത്തണം. "തനിച്ച് കൊണ്ടു പോയി" എന്ന പ്രയോഗം ശ്രദ്ധിക്കണം. വലിയ ജനാവലിയുടെ ആരവാരമില്ലാതെ നാം തനിയേ ആത്മ മണ്ഡലത്തിൽ ചെന്നാൽ മറ്റാർക്കും കാണാൻ കഴിയാത്ത ദൈവതേജസിന്റെ ആഴം ഗ്രഹിക്കാം. ജീവിതത്തിന്റെ കയ്പേറിയ മേഖലകളിൽ ഒറ്റപ്പെടുത്തലുകളും ഏകാന്തതയും അനുഭവിക്കുമ്പോൾ നിരാശപ്പെടരുത്. ദൈവം നിങ്ങളെ തനിച്ച് കൂട്ടിക്കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് യേശു എല്ലാവരേയും ഇവിടേക്ക് കൊണ്ടു പോകാതിരുന്നത്. എല്ലാവർക്കും എല്ലാ മർമ്മങ്ങളും വെളിപ്പെടുകയില്ല. നമ്മുടെ സഹവിശ്വാസികളെക്കാൾ, സഹപ്രവർത്തകരേക്കാൾ, സഹ ചാരികളേക്കാൾ നമ്മെ മാത്രം ചില മർമ്മങ്ങൾ കാണിച്ചു തരുന്നതിൽ പ്രത്യേകം ഉദ്ദേശമുണ്ട്. എല്ലാവർക്കും എല്ലാം ഉൾക്കൊള്ളുവാനും വിചിന്തനം ചെയ്യുവാനും കഴിയുകയില്ല. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി പരിശുദ്ധാത്മാവ് നമ്മെ ആത്മ മണ്ഡലത്തിലേക്ക് ക്ഷണിക്കുന്നു. കാൽവറി മലയിലെ അതിക്രൂരമായ രംഗങ്ങൾ കാണാൻ ചങ്കൂറ്റമുള്ളവർക്കേ മരുരൂപമലയിലെ മർമ്മങ്ങൾ കാണുവാൻ ടിക്കറ്റുള്ളൂ. മരുരൂപമലയിലെ മർമ്മങ്ങൾ വെളിപ്പെട്ടുകിട്ടിയാൽ ക്രൂശിലെ രംഗം കാണാൻ ധൈര്യം ഉണ്ടാകും. ഗലീലക്കടലിലും യെരുശലേം തെരുവീഥികളിലും മാത്രം സഞ്ചരിക്കാൻ ഇഷ്ടപ്പെട്ടുന്നവർക്ക് അത്യന്തം തിളങ്ങുന്ന വസ്ത്രത്തിന്റെ മർമ്മം കാണുവാൻ കഴിയില്ല. മറ്റാർക്കുമില്ലാത്ത പ്രതികൂലങ്ങളും പ്രതിസന്ധികളും എന്തുകൊണ്ട് എനിക്ക് മാത്രം എന്നാണ് നിങ്ങളുടെ ചോദ്യമെങ്കിൽ മറുപടി തരാം. മറ്റാരും കാണാത്ത ചില രഹസ്യങ്ങൾ വെളിപ്പെടുത്തുവാനാണ്.

ഏലിയാവും മോശയും ഇവിടെ പ്രത്യക്ഷമാകുന്നു. സീനായ് മലയും ഹോരേബും മോശെ എന്ന കഥാപാത്രത്തിന്റെ പേരിൽ അറിയപ്പെടുന്നു. കർമ്മേൽ പർവ്വതം എന്ന് കേൾക്കുമ്പോൾ ഏലിയാവിനെ ഓർമ്മ വരും. പഴയനിയമത്തിന്റെ മധ്യസ്ഥനാണ് മോശ. ഇവിടെയിതാ പുതിയ നിയമത്തിന്റെ മധ്യസ്ഥനാണ് ക്രിസ്തു. പഴയ നിയമത്തിലെ ധീരനായ പ്രവാചകനാണ് ഏലിയാവ്. ഇവിടെയിതാ പുതിയ നിയമത്തിന്റെ പ്രവാചകനായ ക്രിസ്തു. യേശുവിനെക്കുറിച്ച് ഇവൻ ഏലിയാവോ എന്ന് ഹെരോദാവ് ചിന്തിച്ചു പോയി. സാക്ഷാൽ മധ്യസ്ഥനും പ്രവാചകനുമായവനെ കണ്ട് കാര്യങ്ങൾ ചർച്ച ചെയ്യുവാൻ പഴയനിയമത്തിലെ നിഴലായ നിയമങ്ങളുടെ മധ്യസ്ഥനും പ്രവാചകനും മറുരൂപമലയിൽ വന്നു. ദൈവത്തിനു വേണ്ടിയുള്ള എരിവ്, നീതിക്കുവേണ്ടിയുള്ള പോരാട്ടം, പാപത്തിനെതിരെ ശക്തമായ താക്കീത്. ജനത്തിന്റെ ദുരന്തം ദൂരവേ ദർശിച്ചുകൊണ്ട് അവർക്കു വേണ്ടിയുള്ള കരച്ചിലും കഷ്ടാനുഭവങ്ങളും കൊണ്ട് യിരമ്യാവിനേയും മുഖപക്ഷമില്ലായ്മകൊണ്ട് യോഹന്നാൻ സ്നാപകനേയും, പുനരുദ്ധാനം കൊണ്ട് സകലരേയും അതിജീവിച്ച് നില കൊള്ളുന്നവനാണ് ക്രിസ്തു. "ഇവൻ എന്റെ പ്രിയപുത്രൻ ഇവന് ചെവികൊടുപ്പിൻ" ഇത്രയും കാലം മോശയ്ക്കും ഏലിയാവിനും ചെവി കൊടുത്തു. ഇനി മുതൽ അത് നിർത്തിയിട്ട് ഇവന് ചെവി കൊടുക്കുക.

പത്രോസിന് മറ്റ് എല്ലാ സ്ഥലങ്ങളേക്കാളും ഇഷ്ടപ്പെട്ടത് ഇവിടെയാണ്. ക്രിസ്തു പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ വന്നതാണ്. കാൽവറി മലയാണ് ക്രിസ്തുവിന് ഇഷ്ടം. മറുരൂപമലയുടെ മർമ്മങ്ങൾ കാണിക്കുമ്പോൾ ഒരു കാര്യം നിശ്ചയിക്കാം കാൽവറി മലയിലേക്ക് നമ്മെ നീക്കുവാനാണ്. അതിനുള്ള ശക്തി ഇവിടെ പകരുകയാണ്. ദൈവസാന്നിദ്ധ്യം നന്നായി അനുഭവിച്ചപ്പോൾ അവിടുന്ന് പോകുവാൻ പത്രോസിന് മനസ്സില്ല. കാറ്റും കോളും ശാന്തമാക്കിയപ്പോഴും അഞ്ചപ്പവും രണ്ട് മീനും കൊണ്ട് പോഷിപ്പിച്ചപ്പോഴും ഇങ്ങനെ തോന്നിയില്ല. ഭൗതികമായ കുറേ നന്മകൾ ലഭിക്കുന്നതിനേക്കാൾ ആത്മീയമായ് ഹൃദയ ത്തിന് ആനന്ദം ലഭിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവരാകണം. ക്രൂശിനെ അഭിമുഖീകരിക്കാതെ കുടിൽ കെട്ടി കൂട്ടായ്മ ആചരിക്കാനുള്ള ഗൂഢനീക്കമാണ് പത്രോസ് നടത്തുന്നത്.

ഭൂമിയിൽ ഒരു അലക്കുകാരനും വെളുപ്പിക്കുവാൻ കഴിയാത്ത നിലയിൽ വെള്ളയായി അതേ അങ്കി. നമ്മുടെ സ്വന്ത പ്രവർത്തികളെല്ലാം കറ പുരണ്ട തുണിയത്രേ. പാപയങ്കി മാറ്റി നീതിയുടെ വസ്ത്രം നമുക്ക് നൽകുവാൻ അവന്റെ അങ്കി അത്യന്തം വെള്ളയായി. നിന്റെ പാപം എത്ര കടുംചുവപ്പായാലും ഞാൻ അതിനെ ഹിമം പോലെ വെളുപ്പിക്കാം എന്ന് ദൈവം അരുളിച്ചെയ്യുന്നു. ഇന്ന് നിരവധി അലക്കുകാർ വെള്ളയാക്കി തരുവാൻ ശ്രമിക്കുന്നു. ഇവിടുത്തെ മതങ്ങൾ, പുരോഹിതവൃന്ദങ്ങൾ, പാരമ്പര്യത്തിന്റെ കർമ്മങ്ങൾ, ആചാരങ്ങൾ, ചട്ടങ്ങൾ, നേർച്ചകൾ, പുണ്യ തീർത്ഥാടനങ്ങൾ എന്നിങ്ങനെ അലക്കുകാരുടെ പട്ടിക നീളുകയാണ്. എന്നാൽ മറുരൂപമലയിൽ വസ്ത്രം അത്യന്തം വെള്ളയായി തീർന്ന യേശു കർത്താവിന് നമ്മുടെ പാപം മാറ്റി പരിഹാരം തരുവാൻ കഴിയും.

കൊരിന്ത്യർക്ക് ലേഖനമെഴുതുമ്പോൾ പൗലോസ് പറയുന്നത് നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. പെട്ടെന്ന് സംഭവിക്കുന്ന കാര്യമാണിത്. ഭാവിയിൽ നാം എങ്ങനെ രൂപാന്തരപ്പെടും എന്നതിന്റെ ഒരു മോഡൽ യേശു കാണിച്ചു തന്നു എന്നേയുള്ളു. ആ വിഷയത്തിൽ ആർക്കും ഒരു സംശയവും ഉണ്ടാകാൻ പാടില്ല. ശിഷ്യന്മാരുടെ നഗ്ന നേതൃത്വങ്ങൾക്ക് കാണത്തക്കനിലയിൽ യേശു തെളിയിച്ച് കൊടുത്തു. ക്രിസ്തുവിന്റെ ജനനവും ജീവിതവും മരണവും പുനരുദ്ധാരണവും ഒരു മർമ്മമായിരുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിൽ കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായ് ഉയർക്കും, നാം എല്ലാവരും രൂപാന്തരപ്പെടും. ഇത് മറ്റൊരു നിലയിൽ മറുരൂപമലയിൽ സംഭവിച്ചു. എ. മേഘത്തിൽ നിന്ന് ഒരു ശബ്ദമുണ്ടായി. ബി. യേശു പെട്ടെന്ന് രൂപാന്തരപ്പെട്ടു. സി. മരിച്ച മോശ ഉയർത്തെഴുന്നേറ്റ് വന്നു. പാപവും ശാപവും നിറഞ്ഞ ഈ ഭൂമി മാറി പുതിയ ആകാശവും പുതിയ ഭൂമിയും വരും. നാം അക്ഷയരായി ഉയർക്കും.

സ്ത്രീകളുടെ പംക്തി

# അറിയാതെ അനുഗ്രഹിക്കപ്പെട്ടവൾ



ഷീലാ ദാസ്

ഗ്രഹിക്കപ്പെട്ട അനേകരെ നാം കാണുന്നുണ്ട്. ഓരോരുത്തരും ദൈവത്തോടുള്ള ബന്ധത്തിൽ ചെയ്യുന്ന കാര്യങ്ങൾക്ക് പ്രതിഫലമായി ദൈവം അവരെ അനുഗ്രഹിക്കുന്നു. എബ്രായ ലേഖനകർത്താവ് പറയുന്നു: നിങ്ങൾ വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും ദൈവത്തോട് കാണിച്ച സ്നേഹം മറന്നു കളയുവാൻ തക്കവണ്ണം ദൈവം അനീതി ഉള്ളവനല്ല (6:10). അതായത് യേശുക്രിസ്തുവിനുവേണ്ടി അവന്റെ നാമത്തോടുള്ള സ്നേഹം മൂലം ചെയ്യുന്ന ഓരോ കാര്യങ്ങളെയും കുറിച്ചുവച്ച് മറുപടി തരുന്ന ഒരു ദൈവത്തെ സേവിക്കുവാൻ ഇടയായവർ എത്ര ഭാഗ്യമുള്ളവർ. പ്രതിഫലം നോക്കി നാം ചെയ്യുന്നവരാകരുത്. കർത്താവിനോടുള്ള സ്നേഹത്തിലും ആത്മാർത്ഥതയിലും നാം ചെയ്യുന്നതാണ് ഉത്തമം അതാണ് ദൈവം ആഗ്രഹിക്കുന്നത്.

യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ യേശു ഗലീലക്കടലിന്റെ അക്കരയ്ക്ക് പോയി. വലിയ പുരുഷാരം യേശുവിനെ അടയാളങ്ങൾക്കായി അനുഗമിക്കുന്നു. യേശുവിന്റെ അടുക്കൽ വന്നവരുടെ വിശപ്പിനെക്കുറിച്ച് അറിഞ്ഞ യേശു, അപ്പം കൊടുക്കുന്നതിനെക്കുറിച്ച് ഫിലിപ്പോസിനോട് സംസാരി ക്കുന്നു. എന്തുചെയ്യാൻ പോകുന്നു എന്ന് അറിഞ്ഞിരുന്ന യേശുവിന്റെ ചോദ്യത്തിനുമുൻപിൽ ശിഷ്യന്മാർ പരിഭ്രമിച്ചു എന്നാൽ പുരുഷാരത്തിന്റെ ഇടയിൽ അൽപം സാധീനമുണ്ടായിരുന്നതുകൊണ്ടാകാം അപ്പവു മായി വന്ന ബാലകനെക്കുറിച്ചു അന്ത്രെയോസ് അറിഞ്ഞത്. ഈ വിവരം യേശുവിനെ ധരിപ്പിച്ചു, ആ അപ്പവും മീനും ദൈവകരത്തിൽ പ്രയോജനപ്പെടുന്നു.

ഇതൊന്നും അറിയാതെ കൊടുത്ത അപ്പത്തിന്റെ വില മുടക്കിയ ഒരു മാതാവ് ഉണ്ടായിരുന്നു. ബാലകൻ യേശുവിനെ കാണുവാൻ പോകുവാൻ അനുവാദം കൊടുക്കയും അവന് വിശക്കും എന്നറിഞ്ഞ് അപ്പവും മീനും കൊടുത്തയച്ച ആ മാതാവ്. വീട്ടിലിരുന്നു തന്നെ അനുഗ്രഹം പ്രാപിച്ചു ആ മാതാവ്. ഒരു പക്ഷേ ആ അപ്പം ഉണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ ആ സ്ത്രീ ഇങ്ങനെ ചിന്തിച്ചു കാണും എന്റെ വീട്ടിലെ സാഹചര്യങ്ങൾ എന്നെ പോകുവാൻ അനുവദിക്കുന്നില്ല. എന്നാൽ എനിക്ക് സാധിക്കാത്തത് എന്റെ തലമുറയ്ക്ക് സാധിക്കട്ടെ. ആ ഹൃദയത്തിലെ ആഗ്രഹത്തോടെയുള്ള പ്രാർത്ഥന യേശു അറിഞ്ഞു എന്ന് ഞാൻ വിശ്വസിക്കുന്നു. നമുക്കുള്ള ആഗ്രഹങ്ങളെ ദൂരത്ത് നിന്നറിയുന്ന ഒരു നല്ല കർത്താവാണ് നാം സേവിക്കുന്ന ക്രിസ്തുവാണ്.

പ്രിയ മാതാവേ, നിങ്ങൾക്ക് സാധിക്കാത്തത് സാധിപ്പിക്കാനാണ് ദൈവം നിങ്ങൾക്ക് ആരോഗ്യമുള്ള തലമുറയെ തന്നത്. നിങ്ങൾ വീട്ടിലിരുന്ന് പ്രാർത്ഥിച്ചാൽ ദൂരെ ആയിരിക്കുന്ന നിന്റെ തലമുറയെയും അവരുടെ കയ്യിലുള്ളതിനെയും അനേകർക്ക് അനുഗ്രഹമാക്കുവാൻ ദൈവത്തിനു കഴിയും. അതിന്റെ പിമ്പിൽ അദ്ധ്വാനിച്ച, പ്രാർത്ഥിച്ച, അവരെ ദൈവത്തിനു വേണ്ടി സമർപ്പിച്ച നിങ്ങളും അനുഗ്രഹിക്കപ്പെടുകയാണ്. വിശ്വാസത്താൽ തന്റെ തലമുറ അനുഗ്രഹിക്കപ്പെടുന്നത് ആ സ്ത്രീ മനസ്സിലറിഞ്ഞുകാണും. ദൈവം തന്റെ ജനത്തിന്റെ രക്ഷയ്ക്കായി ഉപയോഗിക്കുന്ന അഭിഷിക്തന്മാരുടെ പിമ്പിലും ഇതുപോലെയുള്ള മാതാപിതാക്കൾ ഉണ്ട് എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ദൈവം തന്ന ഏറ്റവും വലിയ വിളിയാണ് "അമ്മ" എന്ന വിളി. അതിന്റെ വില തിരിച്ചറിയാതെ പിറുപിറുക്കയും പ്രാകുകയും ശപിക്കുകയും ചെയ്യുന്ന അമ്മമാരാകാതെ, ഈ തലമുറയിൽ ദൈവത്തിന് വേണ്ടി ധീരതയോടെ നിൽക്കുന്ന പടയാളികളുടെ മാതാവായി മാറാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# THE ART OF PUBLIC SPEAKING

**Look pleasant, enthusiastic, confident, proud, but not arrogant. Remain calm. Appear relaxed, even if you feel nervous. Speak slowly, tell the points clearly and show appropriate emotion and feeling relating to your topic.**



Did you know that public speaking tops the list of phobias for most people? Not spiders or snakes but it is public speaking - speech in public! I still remember my first public speech when I was a grade 8 student. Those days opportunities for public speaking were not available unlike our new generation kids. I entered the stage with a piece of paper in my hand full of points. However, seeing the crowd my mind became blank and I forgot the topic. Somehow I started with greetings and fumbled for words. I could say few scattered words but failed to make it into sentence. The failure in my debut speech however did not dishearten me. I was so eager to speak in public because my role models were politicians of those days who can influence large crowds with their charismatic eloquence.

Even though the beginning of my public speaking was not encouraging, years later when I look back the successful speeches in hundreds of stages with thousands of audience, attest a fact that public speaking skills can be developed. I feel public speaking not an inborn talent like singing or painting. Anyone who genuinely desires to become an orator can develop the necessary skills, if systematic preparation and practice done.

Here I attempt to provide some tips for successful preparation for public speaking and confident performance on stage.

**Practice:** Even great speakers practice their speeches beforehand. Practice and rehearse your speech at home or where you can be at convenience and comfortable, in front of a mirror, your family, friends or colleagues. Use a tape-recorder and listen to yourself. Videotape your presentation and analyse it. Know what your strong and weak points and rectify weak points.

**Get experience:** Take every opportunity you can get to speak (and listen to other speakers). Prepare well ahead of time. Experience builds confidence, which is the key to effective speaking.

**Know the audience:** Try to speak to one or two people in the audience as they arrive – they will be your supporters in the audience – it is easier to speak to friends than to strangers.

**Know the setup:** Arrive in good time to check out the speaking area.When using audio-visual aids to enhance your presentation, be sure all necessary equipment is set up and in good working order prior to the presentation. If possible, have an emergency backup system readily available. Check out the location ahead of time to ensure seating arrangements for audience, whiteboard, blackboard, lighting, location of projection screen, sound system, etc. are suitable for your presentation.

**Starting:** Begin with a recent incident or news item to catch the attention of audience. A relevant personal story is a great start. It connects you to the audience and creates the right emotional atmosphere (and calms your nerves).

**Body language** is important. Standing, walking or moving in the stage with appropriate hand gesture or facial expression is preferred to sitting down or standing still with head down and reading from a prepared speech.

**Use audio-visual aids or props** for effective presentation if you are speaking in company meeting or a seminar.. Master the use of presentation software such as PowerPoint well before your presentation. Avoid excessive use of animation, sound clips, or darkcolours which are not suitable for your topic.



Duglas Joseph

**Speak with conviction** is very important to convince your audience. If you are not sure about the topic you speak, it is impossible to persuade your audience effectively. In order to speak with conviction, a thorough preparation of the topic is imperative.

**Systematic Presentation.** If you want to make a powerful speech, prepare thelayout of your speech with introduction, main points with examples ( body) and conclusion.

**Do not read from notes:** Don't try to read from notes insteadspeak short and powerful sentences. However a glance at your notes infrequently is acceptable. Speak loudly and clearly. Sound confident. If you made an error, correct it, and continue. No need to make excuses or apologize profusely.

Maintain sincere eye contact with your audience. Use the threesecond method, e.g. look straight into the eyes of a person in the audience for 3 seconds at a time. Have direct eye contact with a number of people in the audience, and every now and then glance at the whole audience while speaking. Use your eye contact to make everyone in your audience feel involved.

**Observe the response of audience:** Speak to your audience, listen to their questions, respond to their reactions, adjust and adapt. If what you have prepared is obviously not getting across to your audience, change your strategy. Remember that communication is the key to a successful presentation.

**Pause.** Allow yourself and your audience a little time to reflect and think. Don't speak fast and non -stop instead short pauses, raising and lowering voice would make your speech attractive

Add humour whenever appropriate and possible. Keep audience interested throughout your entire presentation. Remember that an interesting speech makes time fly, but a boring speech is always too long to endure.

**Time management:** Know when to stop talking. Use a watch or wall clock to check the time now and then during your speech. Don't bore your audience with repetitious or unnecessary words in your oral presentation. End your speech within the time allotted.

**Conclusion:** To end your speech, summarize your main points. Remember to emphasise the message and make sure it reached to your audience. Leave your listeners with a positive impression and a sense of completion. Thank your audience and sit down.

In short, when you are presenting in front of an audience, you are performing as an actor is on stage. Dress appropriately for the occasion. Costume should be according to the event. Look pleasant, enthusiastic, confident, proud, but not arrogant. Remain calm. Appear relaxed, even if you feel nervous. Speak slowly, tell the points clearly and show appropriate emotion and feeling relating to your topic. Establish eye contact with your audience. Ensure your voice is audible to the back of the room. Vary the tone of your voice and dramatize if necessary. If a microphone is available, adjust and adapt your voice accordingly.

വിസിറ്റിംഗ് വിസ

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്കറ്റ്, ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണെ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്കും സമീപിക്കുക

GLOBAL CARE TRAVEL SERVICES ESTD 1998



2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com




## AMERICA

# Donald Trump clashes with courts over immigration ban




President Donald Trump has ramped up his criticism of the US court system, accusing it of putting the country in peril.

His comments came hours after a federal appeals court rejected the Trump administration's request to reinstate a controversial ban on citizens of seven Muslim-majority countries from entering the US.

After an unusually long silence, Trump took to Twitter to say he could not "believe a judge would put our country in such peril", arguing that the court system was making it "very difficult" to secure the country.

Trump also said he had told US border officials to check arrivals "very carefully".

The ban, which also affected refugees, was blocked by federal judge James Robart on Friday.

The White House and two US states legally challenging the ban - Washington and Minnesota - have until Monday to present further evidence backing up their respective arguments.

Then, the court could schedule a hearing or rule on whether the ban should remain suspended.

In its appeal to Friday's freeze of the ban, the justice department said the suspension was causing "irreparable harm" to the American public.

## EUROPE

# Germany calls on EU to scrap human rights safeguards so migrants can be deported to 'unsafe' countries



Germany has called for the European Union to scrap human rights safeguards so migrants can be deported to countries currently considered unsafe.

Under the plan, asylum-seekers who cross the Mediterraneanillegally could be sent back to transit countries such as Libya, Tunisia, and Algeria while their cases are considered.

The proposals come as a leaked German government paper warned that as many as 5.9m people could seek to enter the EU from countries around the Mediterranean.

## ASIA

# India launches record-breaking 104 satellites from single rocket

India's space agency has announced the successful launch of a record-breaking 104 nano satellites into orbit, all onboard a single rocket.

The Indian Space Research Organisation (ISRO) said the milestone launch, from the Sriharikota space centre in the country's south, overtook the 2014 Russian record of 37 satellites in a single launch.

On board was a 714kg satellite for earth observation and more than 100 smaller satellites weighing less than 10kg each. Three were Indian-owned, 96 were from US companies, and the rest belonged to companies based in



Israel, Kazakhstan, the Netherlands, Switzerland and the United Arab Emirates.

Most were owned by Planet Labs Inc, a US-based Earth-imaging company.

## GULF/UAE

# UAE **to build first city** on Mars by 2117

Dubai: The UAE will build the first city on Mars as part of the 2117 Mars project in collaboration with specialised international organisations and scientific institutes.

The Mars 2117 Project was announced by His Highness Shaikh Mohammad Bin Rashid Al Maktoum, Vice-President and Prime Minister of the UAE and Ruler of Dubai, and His Highness Shaikh Mohammad Bin Zayed Al Nahyan, Abu Dhabi Crown Prince and Deputy Supreme Commander of the UAE Armed Forces.

As part of a 100-year national programme, the UAE will set a plan to prepare national cadres that can achieve



scientific breakthroughs to facilitate the transport of people to the Red Planet over the next decades.

The 100-year plan will involve scientific research programmes to nurture national cadres specialised in space sciences at universities in the UAE. It will also entrench a passion for space in younger generations.

The announcement was made on the sidelines of the World Government Summit in the presence of representatives of 138 governments, six major international organisations, as well as leading international tech companies.

## AUSTRALIA

# ZEALANDIA: HUGE NEW 'CONTINENT' DISCOVERED ON EARTH HIDDEN IN THE PACIFIC OCEAN

In school, we are taught some basic things that never seem to change, like the fact that one plus one equals two, there are five (or is it six?) vowels in the English language, and there are seven continents on Planet Earth.

But the last of those examples is getting a major makeover thanks to a team of 11 researchers who found that Earth has a concealed continent called "Zealandia" that's hidden in the Pacific Ocean and attached to New Zealand.

The newly published research concluded that New Zealand and New Caledonia are actually part of a huge 4.9 million sq km (1.89 million square-miles) single slab of continental crust that is unhinged from Australia.

Published by the Geological Society of America, the study discovered that the region is 94% submerged, mostly due to crustal thinning before the super continental break-up. For their findings, the team used upgraded satellite-based elevation and gravity map technology.

"The scientific value of classifying Zealandia as a continent is much more than just an extra name on a list," the scientists explained. "That a continent can be so submerged yet unfragmented makes it a useful and thought

പാട്ടിന്റെ വഴി

പാസ്റ്റർ ഇ. വി. വർഗീസ്

# ആഴിയിൻ അലകളിൽ പതറാതെ

''കാണുന്നു ഞാൻ യാഹിൽ
എനിക്കാശ്രയമായൊരു ശാശ്വത പാറ.''
''യാഹേ നീയെൻ ദൈവം
വാഴ്ത്തും ഞാൻ നിന്നെ
സ്തുത്യർഹമേ തവ നാമം''

ഇതാ ദൈവം എന്റെ രക്ഷ: യഹോവയായ യാഹ് എന്റെ ബലവും എന്റെ ഗീതവും ആയിരിക്ക കൊണ്ടും അവൻ എന്റെ രക്ഷയായി തീർന്നിരിക്ക കൊണ്ടും ഞാൻ ഭയപ്പെടാതെ ആശ്രയിക്കും.

യെശയ്യാവിന്റെ ഈ വാക്കുകൾ അക്ഷരംപ്രതി അന്വർത്ഥമാക്കിത്തീർത്ത ഒരു ജീവിതമായിരുന്നു കർത്തൃദാസൻ ഇ.വി.വർഗീസിന്റേത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ രണ്ട് ഗാനങ്ങളുടെയും തുടക്കത്തിൽ ഈ വാക്യത്തിന് ഈണം നൽകിയിരിക്കുന്നതായി തോന്നും.

ഒരു ഇടത്തരം ക്രിസ്തീയ ഭവനത്തിൽ 1920 ജൂലൈ 17-ാം തീയതി ജനിച്ചു. ദൈവഭക്തിയിൽ വളർന്നു. നല്ല യൗവ്വനത്തിലേക്ക് കടക്കുമ്പോൾ തന്നെ ലോകസുഖങ്ങൾ വെടിഞ്ഞ്, കുഞ്ഞാട്ടിൻ കാന്തയായ് ശോഭിപ്പാൻ ആഗ്രഹിച്ച് 21-ാം വയസ്സിൽ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് സ്നാനപ്പെട്ടു. സുവിശേഷവേലയിൽ മുഴുവൻ സമയവും ചിലവിടുന്ന ഒരു നല്ല വേലക്കാരനായി നിൽക്കുവാൻ തീരുമാനം എടുത്തു സമർപ്പിച്ചു. സർക്കാർ ഉദ്യോഗത്തിന് വഴി തുറക്കപ്പെട്ടു. ആ വഴിയേ പോകേണ്ട എന്നു തീരുമാനിച്ചു. മറ്റൊരു വഴി ദൈവം തുറന്നതിനാൽ സിലോണിൽ പോയി പാസ്റ്റർ പോൾ എന്ന ദൈവദാസനിൽ കൂടി തിരുവചനം പഠിച്ചു.

ബാംഗ്ലൂർ സഭയുടെ ശുശ്രൂഷകനായി നിയമിക്കപ്പെട്ടു. പ്രാർത്ഥനയും, ആത്മഭാരവും, പ്രസംഗിക്കുവാനും പാടുവാനുമുള്ള കഴിവും മറ്റ് അനേകരിൽ നിന്നും തന്നെ വ്യത്യസ്തനാക്കിത്തീർത്തു. ''ശൗലിന് ആയിരം ദാവീദിന് പതിനായിരം'' എന്ന പോലെ ജനഹൃദയങ്ങളിൽ ഇ.വി.വറുഗീസ് സ്ഥാനം പിടിച്ചു. ഏറെ വൈകുന്നതിന് മുമ്പ് പ്രശ്നങ്ങളുടെ കൂമ്പാരങ്ങളിലേക്ക് എടുത്തെറിയപ്പെട്ടു. നടത്തിപ്പുകാരായ നായകന്മാരുടെ ദോഷനടപടികൾ, കുറ്റാരോപണങ്ങൾ, ശകാരങ്ങൾ, സ്നേഹമില്ലാത്ത സമീപനങ്ങൾ എല്ലാം നേരിടേണ്ടി വന്നു. ആകെ തകർന്നു. ദൈവവിളികേട്ട് ഇറങ്ങിയതാകയാൽ ദൈവം നടത്തും എന്ന് വിശ്വസിച്ചു. കാറ്റുകൊണ്ട് പേടിച്ച് ആഴത്തിലേക്ക് താഴ്ന്ന 'പത്രോസ് നാഥാ രക്ഷിക്കേണമേ' എന്ന് കർത്താവിനോടപേക്ഷിച്ചതുപോലെ താനും അപേക്ഷിച്ചു പ്രാർത്ഥിച്ച പ്രാർത്ഥനയാണ്. 'യാഹേ നീയെൻ ദൈവം' എന്ന പാട്ടിലെ എല്ലാ വരികളും. ഒടുവിലത്തെ വരികളാവട്ടെ പുനഃസമർപ്പണത്തിന്റെയും ഗാനശുശ്രൂഷയ്ക്ക് പതിവ് തെറ്റിക്കാതെ കൺവൻഷൻ സ്റ്റേജിൽ കയറി. പുതിയ പാട്ട് ദൈവജനത്തെ പഠിപ്പിച്ചു. ജനം പാടി ആത്മാവിൽ സന്തോഷിച്ചു. സഹപ്രവർത്തകരുടെ മുഖത്ത് വ്യത്യസ്തഭാവങ്ങൾ പ്രകടമായി. ദൈവമുഖശോഭ കണ്ട താൻ ദൈവവിളി കേട്ട് ഇറങ്ങിയതിനാൽ അത് ഗണ്യമാക്കാതെ ആത്മപൂർണ്ണനായി ആവർത്തിച്ചു പാടി ആഴിയെന്നോർത്തില്ല ആഴമാരാഞ്ഞില്ല... അനുഭവത്തിന്റെ ഈരടികൾ കേട്ടവർ രാജകൽപന ലംഘിച്ച് പ്രാർത്ഥിച്ച ദാനിയേലിന്റെ പ്രാർത്ഥന കേട്ട ശത്രുക്കളെപ്പോലെയായി. നേതൃത്വത്തോട് കാര്യങ്ങൾ വിശദീ കരിച്ചു. വേണമെങ്കിൽ നിൽക്കാം. ഇല്ലെങ്കിൽ പോകാം എന്ന ആജ്ഞയ്ക്കു മുമ്പിൽ അഭിമാനിയായ പാസ്റ്റർ വർഗീസ് നിന്നില്ല. പതറാതെ പാദങ്ങൾ പുറത്തേക്ക് ചവിട്ടുമ്പോൾ നല്ല ഉപദേശം എന്നാൽ അതിനു തക്ക വിശ്വാസവും വിശുദ്ധിയും വിശ്വാസഭവനങ്ങളിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു എന്ന സത്യം തുറന്നു പറയാൻ അദ്ദേഹം അധൈര്യപ്പെട്ടിട്ടില്ല.

ഇറങ്ങി നടക്കുമ്പോൾ വിദ്യാസമ്പന്നരും, സർക്കാർ ഉദ്യോഗസ്ഥരുമായ രണ്ട് സ്നേഹിതർ ആശ്വസിപ്പിച്ചു. മൂവരും ഒരുമിച്ച് അടുത്തുള്ള ഒരു കൊച്ചു വനത്തിൽ എത്തി. ഹൃദയനുറുക്കത്തോടെ മൂവരും പ്രാർത്ഥിച്ചു. അഗ്നിച്ചൂളയിൽ എറിയപ്പെട്ട മൂവരുടെ മധ്യത്തിൽ നാലാമതൊരാൾ നടന്നതുപോലെ നാലാ മനായി ആ വനാന്തരത്തിൽ അരുമനാഥൻ അവരുടെ നടുവിൽ വന്നു. അദൃശ്യമായ കരത്താൽ താങ്ങി നിർത്തി. ''നീ എന്തിനു ഭയപ്പെട്ടു, എന്തിന് സംശയിച്ചു'' എന്ന ചോദ്യത്തിന് മറുപടിയാണ്.

''ഈയിഹ ശക്തികളഖിലവും
ഭക്തന് വിപരീതം നീ അറിയുന്നു,
താങ്ങുക കരത്തിൽ, കാക്കുക
ബലത്തിൽ സ്വർഗ്ഗസീയോൻ പുരി
വരെയും''.

പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ഭാരം മാറി. ചുറ്റിലും പടർന്ന അന്ധകാരം അപ്രത്യക്ഷമായത് അനുഭവിച്ചു. പാരിൽ പാർക്കും നാൾ മുഴുവൻ സേവനത്തിനായി വീണ്ടും സമർപ്പിച്ചു ഇങ്ങനെ പ്രാർത്ഥിച്ചു.

അർപ്പണം ചെയ്യുന്നാത്മ നിയോഗാൽ
ഒന്നുമതി എനിക്കുലകിൽ...
യാഹേ നീയെൻ... തുടക്കവരികൾ ഒടുവിൽ എഴുതിച്ചേർത്തു. ആ ഗാനത്തിന് അരനൂറ്റാണ്ട് പഴക്കമുണ്ട്. 1953-ൽ തൃശ്ശൂ നാപ്പള്ളിയിൽ വച്ചുണ്ടായ അനുഭവത്തോടെയാണ് ഈ ഗീതം പിറന്നത്. കാലമാം വൃക്ഷത്തിലെ ദിനങ്ങളാം ഇലകൾ കൊഴിഞ്ഞു കൊണ്ടിരുന്നു. ഒരുനാൾ പനി ബാധിച്ച് കിടപ്പിലായി. പനി കഠിനപ്പെട്ട് ന്യൂമോണിയ ആയി എന്നറിഞ്ഞപ്പോൾ വളരെ ഭാരപ്പെട്ടു. എങ്കിലും ദൈവീക വാഗ്ദത്തങ്ങളിൽ വിശ്വസിച്ചു. ഒട്ടും സമയം പാഴാക്കാതെ പ്രവർത്തിച്ചിരുന്നതിനാൽ ഒറ്റയ്ക്കുള്ള കിടപ്പ് അസ്സഹനീയമായിരുന്നു. ആറു ദിവസത്തോളം ആ നില തുടർന്നു. സന്ധ്യായോഗം പ്രാർത്ഥിപ്പാൻ വന്ന സഹോദരന്മാരിൽ ഒരാൾ തന്റെ തുകൽ പെട്ടിയ്ക്കു മുകളിൽ ഡയറി എടുത്തു വച്ച ഡയറിയുടെമേൽ മെഴുകുതിരി കത്തിച്ചുവച്ചു. എരിഞ്ഞു തീർന്ന മെഴുകുതി രിയിൽ നിന്നും തീ പടർന്നു പിടിച്ചു. പെട്ടിയ്ക്കും തീ പിടിച്ച് ആളിക്കത്തുന്നു. നാവനക്കാൻ പോലും കഴിയാത്തതിനാൽ ആരേയും വിളിക്കാനും സാധിച്ചില്ല.

തക്കസമയത്ത് ദൈവം പ്രവർത്തിച്ചു. തീ പടരുന്നത് കണ്ട ഒരു സഹോദരൻ തീയണച്ചു. പ്രാർത്ഥന നിർത്തി എല്ലാവരും പോകുമ്പോഴേയ്ക്കും സംഭവം തന്നോട് പറഞ്ഞിരുന്നില്ല. അടുത്ത ദിവസം മുതൽ പനി കുറഞ്ഞു തുടങ്ങി. ചില ദിവസങ്ങൾക്കുള്ളിൽ പൂർണ്ണസൗഖ്യം ലഭിച്ചു. തീപിടുത്തതിന്റെ കാഠിന്യം ഗ്രഹിച്ചു. ദൈവത്തിന്റെ കരുതലും, കാവലും എല്ലാം ഓർത്തു ആയിരമായിരം സ്തോത്രങ്ങൾ ദൈവത്തിനർപ്പിച്ച നേരത്ത് ഹൃദയാന്തർഭാഗത്ത് നിന്നും പുറപ്പെട്ടു വന്ന വരികളാണ് ''കാണുന്നു ഞാൻ യാഹിൽ'' എന്ന ഗാനം.

പ്രസിദ്ധനായിരുന്ന സംഗീതജ്ഞൻ ആൽഫ്രഡ് ബഞ്ചമിൻ ഈ ഗാനം വയലിൻ ഉപയോഗിച്ച് പാടി. ഇത് മനോഹരമായ ഈണം പകർന്ന് പാട്ടെഴുതിയതെങ്ങനെ എന്ന ചോദ്യത്തിന് പാസ്റ്റർ ഇ.വി.വർഗീസ് ദൈവം തന്നു എന്ന് ഒറ്റവാക്കിൽ ഉത്തരം നൽകി.

തിരുവനന്തപുരത്ത് മകൻ സാമിനോടും, കുടുംബത്തോടും കൂടെ വാടകവീട്ടിൽ പാർത്ത്, വായനയും, എഴുത്തുമായി ജീവിച്ച ഈ ഭക്തൻ ചില നാളുകൾക്ക് മുമ്പ് തവസേവയിൽ ജീവിതത്തിന് വിരാമമിട്ടു കൊണ്ട്, തന്നേക്കാൾ മുമ്പേ മഹത്വത്തിൽ പ്രവേശിച്ച പ്രിയ ഭാര്യയെ പിൻതുടരുന്നു.

# നാഷണൽ കോൺഫറൻസ് മാഞ്ചെസ്റ്ററിൽ

മാഞ്ചെസ്റ്റർ: 2017 ഏപ്രിൽ 14 മുതൽ 16 വരെ എം.പി.എ, യു.കെ പെന്തെക്കോസ്ത് മലയാളി വിശ്വാസി സമൂഹത്തിന്റെ ആത്മീയ സംഗമം നടത്തുവാൻ പ്രാർത്ഥനയോടെ കാത്തിരിക്കുന്നു. യു.കെയുടെ നാനാഭാഗങ്ങ ളിലുള്ള ദൈവജനത്തിന്റെ ആത്മീയ സംഗമമാണ് ഇപ്പോൾ നടക്കുവാൻ പോകുന്നത്. എം.പി.പി പ്രസിഡന്റ് പാസ്റ്റർ മാത്യു പ്രാർത്ഥിച്ച് കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ. ജെ. തോമസ് മുഖ്യ പ്രസംഗകനായിരിക്കും. മാഞ്ചസ്റ്ററിലെ ജെയിൻ കമ്മ്യൂണിറ്റി ഓഡിറ്റോറിയത്തിലാണ് കോൺഫറൻസ് നടത്തുവാൻ ക്രമീ കരണങ്ങൾ ചെയ്തിരിക്കുന്നതെന്ന് സെക്രട്ടറി പാസ്റ്റർ വിത്സൻ ഏബ്രഹാം അറിയിച്ചിട്ടുണ്ട്. കോൺഫറൻ സിന്റെ മുഖ്യ ചിന്താവിഷയം ''വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിന്'' (യൂദ 1:3).

രണ്ടുദിവസങ്ങളിലും രാവിലെ 9:30 മുതൽ രാത്രി 9:30 വരെ കോൺഫറൻസ് ഉണ്ടായിരിക്കും. പതിനാറാം തീയതി രാവിലെ 9:30 മുതൽ 1 മണി വരെയുള്ള സംയുക്ത ആരാധനയോടുള്ള ബന്ധത്തിൽ കോൺഫറൻസ് പ്രാർത്ഥിച്ച് ആശീർവാദം പറയും. എം.പി.എ.യു.കെ യുടെ സംഗീത വിഭാഗം സംഗീതശുശ്രുഷകൾക്ക് നേതൃത്വം നൽകും. ഡൽഹിയിൽ നിന്നും സിസ്റ്റർ പേർസിസ് ജോൺ സംഗീത ശുശ്രൂഷകൾക്ക് സാന്നിദ്ധ്യം വഹിക്കുകയും ആത്മനിറവിലുള്ള ആരാധനയും ഒപ്പം വചന ധ്യാനം, യുവജനസമ്മേളനം, കുട്ടികളുടെ പരിപാടികൾ, സഹോദരിമാർക്ക് വേണ്ടിയുള്ള വിവിധ സെക്ഷനുകൾ കർത്തൃമേശയും ഉണ്ടായിരിക്കും.

# മതപരിവർത്തനത്തിന്റെ പേരിൽ 12 പേർ അറസ്റ്റിൽ

ഭോപ്പാൽ: മതപരിവർത്തിത നിരോധന നിയമത്തിന്റെ പേരിൽ അന്ധരായ ദമ്പതികൾ ഉൾപ്പെടെ 12-ഓളം പേർ ഭോപ്പാലിൽ ജനുവരി 15-ന് അറസ്റ്റിലായി. പിന്നീട് കോടതി അവർക്ക് ജാമ്യം നൽകി. ആറ് പേരും സ്ത്രീകളായിരുന്നു. അന്ധദമ്പതികളോടൊപ്പം അറസ്റ്റ് രേഖപ്പെടുത്താതെ അവരുടെ കുഞ്ഞ് മക്കളെയും പൊലീസ് ജയിലിലടച്ചിരുന്നു.

അറസ്റ്റിലായവരിൽ ഒരാളായ ജാനു ബായി പറഞ്ഞത്, മതപരിവർത്തനവുമായി ബന്ധപ്പെട്ട ഒരു കാര്യവും ഞങ്ങൾ ചെയ്തിട്ടില്ല. കക്ക്സി തഹസിൽ പരിപ്പൂര വില്ലേജിൽ ശങ്കർസിങ് എന്ന ഒരാളുടെ വീട്ടിൽ ഭക്ഷണം കഴിക്കേണ്ടതിനായി, മകര സക്രാന്തി ദിനത്തിലായിരുന്നു ഞങ്ങൾ ഒത്തുകൂടിയത്. ഉടനെ മനുഷ്യാവകാശ പ്രവർത്തകരെന്ന പേരിൽ കുറേപേർ, പൊലീസുമായി വന്ന് ഇവിടെ മതപരിവർത്തനത്തിനായി ഒത്തുകൂടി എന്നാരോപിച്ചു. കാരണം കൂടാതെ അറസ്റ്റ് ചെയ്യുകയായിരുന്നു. വീട്ടുടമസ്ഥനായ ശങ്കർസിങ്ങും ഇത് പൊലീസിനോട് പറഞ്ഞു.

ഇന്ത്യയിൽ തന്നെ ഏറ്റവും ശക്തമായ മതപരിവർത്തന നിരോധന നിയമമുള്ള നാട്ടിൽ, ഈ നിയമത്തിന്റെ ദുരുപയോഗത്താൽ ക്രൈസ്തവർ പ്രതിദിനം അറസ്റ്റ് ചെയ്യപ്പെടുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളത്.

# ബൈബിൾ ക്വിസ് മാർച്ച് 2017

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**നഹൂം, ഹബക്കൂക്ക്**

1. രണ്ട് പ്രാവശ്യം പൊങ്ങിവരാത്തത് എന്ത്?
2. സമാധാനം ഘോഷിക്കുന്നത് ആര്?
3. അഴിഞ്ഞു പോകുന്നത് എന്ത്?
4. പായുന്ന മൃഗങ്ങൾ ഏത്?
5. ആകാശത്തിലെ നക്ഷത്രങ്ങളെക്കാൾ വർദ്ധിപ്പിച്ചത് ആരെ?
6. അയഞ്ഞു പോയത് എന്ത്?
7. തന്നിലും നീതിമാനായവനെ വിഴുങ്ങുന്നത് ആര്?
8. യഹോവ ഉള്ള ഇടം ഏത്?
9. ഹബക്കൂക്ക് പ്രവാചകന്റെ പ്രാർത്ഥനാ ഗീതത്തിന്റെ രാഗം ഏത്?
10. മുഴക്കം ഹേതുവായി വിറച്ചുപോയ ഇടം ഏത്?

**2017 ഫെബ്രുവരി മാസത്തിലെ ശരി ഉത്തരങ്ങൾ**

1. യിസ്രായേലിന്റെ മഹത്തുക്കൾ (1:15), 2. മാലിന്യം (2:10), 3. പ്രവാചകന്മാർ (3:11), 4. മാരോത്ത് (കൈപ്പു) നിവാസികൾ (1:12), 5. യെരുശലേമിൽ നിന്ന് (4:2), 6. എഫ്രാത്തേ, ബേത്ലഹേം (5:2), 7. ദുഷ്ടന്റെ വീട് (6:10), 8. അവന്റെ വീട്ടുകാർ (7:6), 9. സമുദ്രത്തിന്റെ ആഴത്തിൽ (7:19), 10. അവിടെ മുഴക്കം ഉണ്ടാകും (2:12).

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Benz K. Binoy, Parayil View, Pannivizha, Anandappally P.O, PTA (Dist), Kerala.
*രണ്ടാം സമ്മാനം:* Keran Ann George, Kaithottathil Peniel, Karthikappally P.O, Kollam (Dist), Kerala

**ശരി ഉത്തരം അയച്ചവർ**: 1). Jaison G. Joy, New Life Biblical, Seminary, Ayoor. 2). Marykutty Joy, IPC Shalom Church, Kasargod. 3). Merlin Joy, IPC Eben Ezer Church, Kasargod. 4). Siji Sojan, AG Church, Thiruvalla. 5). Beena Varghese, Parapuzhoor, Theernathoor 6). Reeja Roy, AG Church, Mulluvila. 7). Dolly James, Kizhakketharayil, Piravom. 8). Mini Sajan, IPC Bethel Church, Alappuzha. 9). Ameena James, Chengazath, Kottayam. 100). 10). Ammini Devasia, Edachalil Veedu, Kothanalloor P.O, Kottayam. 11). Riju Peter, Kodumthara Malayil, Mundamala P.O, Pathanamthitta.

**നിബന്ധനകൾ**

1. എല്ലാ മാസവും 25-ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

# നിര്യാതനായി



ഷൊർണ്ണൂർ: കുരുതുകുളങ്ങര കെ. ഒ. വർഗീസ് വാർദ്ധക്യസഹജമായ അസുഖത്താൽ നിര്യാതനായി. 1947 -ൽ സ്വാതന്ത്ര്യസമര സേനാനിയായിരുന്നു. ആ കാലഘട്ടങ്ങളിൽ ബ്രിട്ടീഷ് പോലീസ് തന്നെ തേടി വരികയും മൂന്നു മാസത്തോളം ഒളിവിൽ കഴിയുകയും ചെയ്തിട്ടുണ്ട്. തന്റെ സോഷ്യലിസ്റ്റ് ചിന്താഗതികളും ആഴത്തിലുള്ള വായനയും തന്നെ കമ്മ്യൂണിസ്റ്റുകാരനാക്കി. 1958 -ൽ കർത്താവിനെ കണ്ടുമുട്ടി വിശ്വാസ സ്നാനം സ്വീകരിച്ചു. തൃശൂർ കണ്ണംകുളം വീട്ടിലെ ഡോ. ഡേവിഡ് കുഞ്ഞമ്മ ദമ്പതികളുടെ മകൾ ആലീസിനെ വിവാഹം ചെയ്തു. അനേകരെ രക്ഷയിലേക്ക് നയിക്കുവാൻ ഇടയായി. താൻ ഏകനായി കവലകളിലും ഗ്രാമങ്ങളിലും സഭകളിലും സത്യസുവിശേഷം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. എൺപത്തിയേഴാമത്തെവയസ്സിൽ താൻ പ്രിയംവെച്ച ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. മക്കൾ: ഷീബാ, ലീബാ, ഫേബാ, ഹെബ്രോൻ, കൃപജൻ; മരുമക്കൾ: വിൽസെന്റ്, പാസ്റ്റർ സജി, ജെറിൻ, ലിയാ; കൊച്ചുമക്കൾ: നിസ്സി, ജോഷ്വാ, ജൂയെൻ, പെർസിസ്, നെസ്സി, കോളിൻ, ബെറുറിയ, ക്യാതലിൻ.


## ആരോഗ്യവും യുവത്വവും തിരിച്ചു പിടിക്കൂ

ജീവിതത്തിൽ എന്നേക്കുമായി നഷ്ടപ്പെട്ടെന്ന് കരുതിയ യുവത്വത്തിന്റെ പ്രസരിപ്പ് തിരികെ വരുന്നു.

1. കൊളസ്ട്രോൾ, ബ്ലഡ് ഷുഗർ നോർമൽ ആകുന്നു.
2. ശരീര ക്ഷീണവും (ഉണർവില്ലായ്മ) കൈകാൽ മരവിപ്പ് വിട്ടു മാറുന്നു.
3. അതിപുരാതന മർമ ചികിത്സയിലൂടെ നാഡീവ്യൂഹത്തെ ഉണർത്തുന്നു.
4. ചർമത്തിന്റെ മൃദുതലത തിരിച്ചുവരുന്നതൊടൊപ്പം ചർമ കാന്തി വർദ്ധിക്കുകയും ചെയ്യുന്നു.
5. അഞ്ച് ദിവസത്തെ ചികിത്സ
a. അതിപുരാതന മർമ ചികിത്സ
b. പ്രത്യേകം തയ്യാറാക്കിയ ഭക്ഷണത്തോടൊപ്പം ഉള്ള പ്രകൃതി ജീവനം (Special Diet according to the PULSE / NADI Reading)

അഞ്ച് ദിവസത്തിന് ശേഷം മൂന്നു മാസത്തേക്കുള്ള Food Supplement Kit ചികിത്സയുടെ ഭാഗമായി നൽകുന്നു.

Contact : +91 9845493632

# സ്വർണ്ണം ദൈവരാജ്യത്തിന് കെണിയോ?



സാജു ജോർജ്, ഉറുകുന്ന്

രസതന്ത്രത്തിലെ ആധുനിക പീരിയോഡിക് ടേബിളിലെ 79 -ാമത്തെ മൂലകമായ സ്വർണ്ണത്തിന് വളരെ വിലയാണ്. സാധരണ സ്വർണ്ണത്തിന് മഞ്ഞനിറമാണുള്ളത്, നമ്മുടെ കണ്ണിനുഹരം തോന്നുപ്പിക്കുന്ന തിളക്കമുള്ള മഞ്ഞനിറമാണിത്. സ്വർണ്ണത്തിന്റെ ലാറ്റിൻ നാമം ഓറം (Aurum) എന്നാണ്. അതിനാൽ അതിന്റെ പ്രതീകം (Symbol) Au എന്നാണ്. സ്വർണ്ണത്തെ അടിച്ചുപരത്താനും ചെറിയ വയറുകളാക്കാനും സാധിക്കും. ലോകത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്വർണ്ണം 50% ആഭരണങ്ങൾക്കും, 40% പണയമായും, 10% വ്യവസായ മേഖലയിലും ഉപയോഗിക്കപ്പെടുന്നു.

എല്ലാ വർഷവും ഹിന്ദുമത, ജൈനമത വിശ്വാസികൾ ഏപ്രിൽ അവസാനമോ അല്ലെങ്കിൽ മെയ് ആദ്യമോ അക്ഷയതൃതിയ ആഘോഷിക്കുന്നത്. ഹിന്ദു പുരാണമനുസരിച്ച് അക്ഷയതൃതിയ ദിവസം പരശുരാമന്റെ ജന്മദിനമാണ്. ആ ദിവസം ഐശ്വര്യത്തിന്റെയും ഭാഗ്യത്തിന്റെയും സുവർണ്ണദിനമായി കരുതുന്നു. ആ ദിവസത്തിൽ സ്വർണ്ണം വാങ്ങി ഭവനത്തിൽ കൊണ്ടാവന്നാൽ ജീവിതം വളരെ ഐശ്വര്യമാകും എന്ന വിശ്വാസം വളരെ പ്രസിദ്ധമാണ്.

പഴയനിയമകാലം മുതൽ ആഭരണങ്ങൾ (സ്വർണ്ണം, വെള്ളി) പിതാക്കന്മാർ ഉപയോഗിച്ചിരുന്നു. യാക്കോബിന് ദൈവം പ്രത്യക്ഷപ്പെട്ട സ്ഥലമായ ബഥേലിലേക്ക് യാക്കോബ് വീണ്ടും വന്നു. അപ്പോൾ യാക്കോബ് തന്റെ കുടുംബത്തോടും കൂടെയുള്ള എല്ലാവരോടുമായി പറഞ്ഞു. നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ നീക്കികളയുക (ഉൽപ്പത്തി 35:2). അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു. യാക്കോബ് അവയെ ശേഖേമിനരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു. (ഉൽപ്പത്തി 35.4). ഈ സംഭവത്തൊടുള്ള നിലയിലാണ് പെന്തെക്കോസ്തു സഭകൾ ആഭരണങ്ങൾ ധരിക്കേണ്ട എന്നു പറയുന്നത്.

അക്കാലത്ത് അന്യദേവന്മാരുടെ മുദ്രകളും ചിഹ്നങ്ങളും കൊത്തിയ ആഭരണങ്ങൾ അണിയുക പല സമൂഹങ്ങളിലും നിലനിന്നിരുന്ന സമ്പ്രദായമാണ്. അന്യദേവന്മാരെ കൈവശം വച്ചു സത്യദൈവത്തെആരാധിച്ചാൽ സർവ്വശക്തനായ ദൈവത്തിന് ഇഷ്ടമാവില്ലെന്ന് യാക്കോബിന് അറിയാമായിരുന്നു. അതിനാൽ യാക്കോബ് അവയെ ശേഖേമിനരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു. ഇതിനുശേഷവും യിസ്രയേൽ മക്കൾ ആഭരണങ്ങൾ അണിഞ്ഞു.

ആഭരണങ്ങൾ ചോദിച്ചുവാങ്ങി മക്കളെ അണിയിക്കണമെന്ന് ദൈവം തന്നെ യിസ്രായേൽ മക്കളോട് കല്പിക്കുന്നു. ഓരോ സ്ത്രീ താന്തന്റെ അയൽക്കാരിയോടും വീട്ടിൽ അതിഥിയായ പാർക്കുന്നവളോടും വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളം വസ്ത്രങ്ങളും ചോദിച്ചുവാങ്ങി നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ധരിപ്പിക്കണം (പുറ 3:22). ആഭരണങ്ങൾ ചോദിച്ചുവാങ്ങി മക്കളെ അണിയിക്കണമെന്ന് ദൈവം തന്നെ യിസ്രായേൽ മക്കളോട് കല്പിക്കുന്നു. ആഭരണങ്ങൾ അണിയാനുള്ളവയാണ് മരുഭൂമിയിലൂടെ സഞ്ചരിച്ചിരുന്ന കാലത്ത് യിസ്രായേൽ മക്കൾ ആഭരണങ്ങൾ അണിഞ്ഞിരുന്നു. അഹരോൻ പറഞ്ഞു: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്കു പറിച്ച് എന്റെ അടുക്കൽ കൊണ്ടുവരിവിൻ എന്നു പറഞ്ഞു. ജനം ഒക്കെയും തങ്ങളുടെ കാതിൽ നിന്നു പൊൻകുണുക്കു പറിച്ച് അഹരോന്റെ അടുക്കൽ കൊണ്ടുവന്നു. (ഉൽപ്പത്തി 32:2-4). യിസ്രയേൽ മക്കൾ ആഭരണം അണിഞ്ഞിരുന്നതുകൊണ്ടല്ലേ അഹരോൻ ആവശ്യപ്പെട്ടതും ജനം ഊരി നൽകിയതും? യാക്കോബ് ആഭരണങ്ങൾ കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടശേഷംഅന്യദൈവമുദ്രകളോ രൂപങ്ങളോ അടയാളങ്ങളോ ഇല്ലാത്ത ആഭരണങ്ങൾ യിസ്രായേൽ മക്കൾ ഉപയോഗിച്ചിരുന്നുവെന്നു നമുക്ക് മനസ്സിലാക്കാം.

ദൈവത്തിന്റെ സ്ഥാനത്ത് സ്വർണ്ണമോ പണമോ പ്രതിഷ്ഠിച്ചാൽ അത് മാരക പാപമാണ്. ദൈവത്തെ ഉപേക്ഷിച്ചുള്ള ആഭരണക്കൊതി ശിക്ഷ ക്ഷണിച്ചു വരുത്തും. സ്വർണ്ണം (പൊന്ന്) അങ്ങനെയുള്ളവർക്ക് മലിന വസ്തുവുമായി മാറും. വെള്ളിക്കും പൊന്നിനും യഹോവയുടെ കോപദിവസത്തിൽ അവരെ വിടുവിക്കുവാൻ കഴിവില്ല (യെഹ 7:19,20).

പുതിയ നിയമക്കാലത്തും വിശ്വാസികൾ സ്വർണ്ണാഭരണങ്ങൾ ധരിച്ചിരുന്നു. പൗലൊസ് തിമൊഥെയോസിന് എഴുതിയ ലേഖനത്തിൽ പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസത്രം എന്നിവകൊണ്ടല്ല, ദൈവ ഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകുംവണ്ണം സൽപ്രവർത്തികളെ കൊണ്ടത്രെ അലങ്കരിക്കേണ്ടത് (1 തിമൊ 2:9,10) എന്നു കാണുന്നു. (1 പത്രോസ് 3:3,4) ൽ നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെപുറമേയുള്ളതല്ല, സൗമ്യതയും സാവധാനമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെയായിരിക്കണം. പത്രോസിന്റെ കാലത്തും ദൈവസഭയിൽ സ്വർണ്ണം അണിയുന്ന വിശ്വാസികളുണ്ടായിരുന്നു.

പത്രോസ് ബാഹ്യമോടിയേക്കാൾ ആന്തര്യമോടിക്ക് (ഹൃദയത്തിന്) പ്രാധാന്യം കൊടുക്കുന്നു. പലയിടത്തും പെന്തക്കോസ് വിശ്വാസികൾ എന്നു അഭിമാനിക്കുന്നവർ സ്വർണ്ണം ഉപയോഗിച്ചില്ലെങ്കിലും സ്വർണ്ണം വാങ്ങി പണയം വെയ്ക്കുക, ഗൾഫിൽ വിസിറ്റിംഗിന് പോയി വരുമ്പോൾ സ്വർണ്ണം കൊണ്ടുവരിക, സ്വർണ്ണം ലോക്കറുകളിലും അലമാരകളിലും സൂക്ഷിക്കുക, ഓരോ വിവാഹചടങ്ങിലും പോയിട്ടുവരുമ്പോൾ സ്വർണ്ണമാലകളുടെ കാര്യങ്ങൾ ചർച്ചചെയ്യുക, ചില ഭവനങ്ങളുടെ മതിലിൽ സ്വർണ്ണകടയുടെ പരസ്യം പതിപ്പിക്കുക എന്നിവ ചെയ്യുന്നതു കാണാം. മറ്റുള്ളവർ വീക്ഷിക്കുന്നു എന്ന ചിന്ത നമ്മെ ഭരിക്കേണ്ടിയിരിക്കുന്നു.

പഴയനിയമകാലത്ത് പുരുഷന്മാർ ആഭരണങ്ങൾ ഉപയോഗിച്ചിരുന്നു അബ്രഹാമിന്റെ ദാസൻ, റിബേക്കക്ക് അരശേക്കൽ തൂക്കമുള്ള ഒരു പൊൻമൂക്കുത്തിയും അവളുടെ കൈയ്ക്ക് ഇടുവാൻ 10 ശേക്കൽ തൂക്കമുള്ള രണ്ടു പൊൻവളയും കൊടുത്തു (ഉല്പ 24:22). പിന്നെ ദാസൻ വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും വസ്ത്രങ്ങളും എടുത്ത് റിബെക്കക്ക് കൊടുത്തു

(ഉല്പ 24:53). യെഹൂദാ, താമാറിന് മുദ്രമോതിരവും മോതിരച്ചരടും അവന്റെ കൈയ്യിലെ വടിയും കൊടുത്തു (ഉല്പ 38:18). ഫറവോൻ തന്റെ കൈയ്യിൽനിന്ന് മുദ്രമോതിരം ഊരി യോസേഫിന്റെ കൈയ്ക്ക് ഇട്ടു. പിന്നീട് ഒരു സ്വർണ്ണ സരപ്പളിയും കഴുത്തിലിട്ടു (ഉല്പ 4:42).

ഉത്തമഗീതത്തിലെ മണവാളൻ ആഭരണങ്ങൾ അണിഞ്ഞ മണവാട്ടിയെ പുകഴ്ത്തുന്നു. കൂടാതെ സ്വർണ്ണാഭരണങ്ങൾ വാഗ്ദാനം ചെയ്യുന്നു (ഉത്തമ 1:10,11). ദൈവം യിസ്രായേലിനെ മനോഹരമായി അണിയിച്ചൊരുക്കിയിരിക്കുന്നു. ഞാൻ നിന്നെ ആഭരണം അണിയിച്ച് നിന്റെ കൈയ്ക്കു വളയും കഴുത്തിൽ മാലയും ഇട്ടു. ഞാൻ നിന്റെ മൂക്കിനു മൂക്കുത്തിയും കാതിൽ കുണുക്കും ഇട്ടു. തലയിൽ ഭംഗിയുള്ളൊരു കിരീടവും വച്ചു ഇങ്ങനെ നീ പൊന്നും വെള്ളിയും അണിഞ്ഞു (യെഹ16:11-13).

യുദ്ധത്തിലൂടെ ശത്രുക്കളിൽ നിന്ന് പിടിച്ചെടുത്ത ആഭരണങ്ങൾ യിസ്രയേൽ പാപപരിഹാരത്തിന് കാഴ്ചയായി ദൈവത്തിന് സമർപ്പിക്കുന്നു. ഞങ്ങൾക്കു ഓരോരുത്തനു കിട്ടിയ പൊന്നാഭരണങ്ങളായ മാല, കൈവള, മോതിരം, കുണുക്ക്, കടകം എന്നിവ യഹോവയുടെ സന്നിധിയിൽ ഞങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതിന് ഞങ്ങൾ യഹോവയ്ക്ക് വഴിപാടായി കൊണ്ടുവന്നിരിക്കുന്നു. മോശയും പുരോഹിതനായ എലെയാസറും അവരിൽ നിന്നും സ്വർണ്ണാഭരണങ്ങൾ വാങ്ങി യഹോവയ്ക്ക് വഴിപാട് കൊടുത്തു(സംഖ്യ. 31: 50, 51).

ശിശുവായ യേശുവിനെ നമസ്ക്കരിക്കാൻ വന്ന വിദ്വാന്മാർ പൊന്ന്, കുന്തിരിക്കവും മൂരും കാഴ്ചവച്ചു (മത്തായി2:11). മുടിയനായ പുത്രന്റെ ഉപമയിൽ മകൻ മാനസാന്തരപ്പെട്ട് തിരികെ വരുമ്പോൾ പിതാവ് അവന് കൈയ്ക്കു മോതിരവും കാലിനു ചെരുപ്പും ഇട്ടുകൊടുത്തു (ലൂക്കോ 15:22). എവിടെയും യേശു ആ.ഭരണങ്ങൾ തെറ്റാണെന്ന് പറയുന്നില്ല. കർത്താവു തങ്ങളുടെ നടുവിൽ നടക്കുകയില്ല എന്നു കേട്ടപ്പോൾ യിസ്രയേൽ മക്കൾ ആഭരണങ്ങൾ ധരിച്ചില്ല. വിലാപത്തിന്റെ ഭാഗമായി യിസ്രയേൽ ജനം ആഭരണം ധരിച്ചില്ല (പുറപ്പാട് 33: 3, 4).

സ്വർഗ്ഗീയ യെരുശേലം സ്വർണ്ണങ്ങളും രത്നങ്ങളും കൊണ്ട് അലംകൃതമാണ്. മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും ആണ് (വെളി 21:18). സൂര്യകാന്തം, നീല രത്നം, മാണിക്യം, മരതകം, നഖവർണ്ണി, ചുവപ്പുകല്ല്, പീതരത്നം, ഗോമേദകം, പുഷ്പരാഗം, വൈഡൂര്യം, പദ്മരാഗം, സുഗന്ധിരത്നം, തുടങ്ങിയ പല രത്നങ്ങൾ കൊണ്ട് അലംകൃതമാണ് സ്വർഗീയ യെരുശേലം. ദൈവം ഇത്രയും വിലകൂടിയ രത്ന നിർമിത സ്വർഗ്ഗീയ യെരുശേലമിൽ പാർക്കാൻ അവസരം നൽകിയാൽ ഞാൻ ഭൂമിയിൽ ഇതോന്നും ഉപയോഗിച്ചിട്ടില്ല. അതുകൊണ്ട് എനിക്ക് വേണ്ട എന്നു ദൈവമക്കൾ പറയുമോ? നമ്മുടെ കേരളത്തിൽ മാത്രമാണ് ആഭരണങ്ങൾ ധരിക്കുന്നവരെ പെന്തെക്കോസ്ത സഭകളിൽ കയറ്റാൻ മടിക്കുന്നത്. ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിൽ ആഭരണങ്ങൾ ധരിക്കുന്നവരെ വളരെ സ്നേഹത്തോടെ സ്വീകരിച്ചു അവർക്ക് ദൈവവചനങ്ങൾ പകർന്നു കൊടുന്നുന്നതുമൂലം അവർ മാനസാന്തരപ്പെട്ട് ദൈവത്തിനുവേണ്ടി നിലനിൽക്കുന്നു. സ്വർണ്ണാഭരണങ്ങൾ ഒരിക്കലും ദൈവരാജ്യത്തിന് കെണിയായി തീരുവാൻ ഇടയാകരുത്. ചില സഭകൾ സ്വർണ്ണാഭരണങ്ങൾ ധരിക്കുന്നവരെ സഭയിൽ കയറുവാൻ അനുവദിക്കുകയില്ല. തന്മൂലം നാം അവർക്ക് ദൈവരാജ്യം അടയപ്പെടുത്തുന്നു. നമ്മുടെ ചുറ്റുപാടുമുള്ള വ്യക്തികൾക്ക് യേശുവിന്റെ മാർഗ്ഗം പിൻതുടരുവാൻ താൽപ്പര്യമുണ്ട്. അവർക്ക് ആഭരണം ഊരിമാറ്റണമെന്നുള്ള ചിന്ത പെന്തെക്കോസ്തിലേക്ക് വരാൻ മടിക്കുന്നു. അങ്ങനെ അവർക്ക് ദൈവരാജ്യം അന്യപ്പെടുന്നു. ഇപ്പോൾ ആഭരണങ്ങൾ ഉപയോഗിക്കാത്ത ദൈവമക്കൾ ആഭരണങ്ങൾ ഉപയോഗിക്കണമെന്ന് പറയുന്നില്ല. ആഭരണങ്ങൾ ധരിച്ചുവരുന്ന വ്യക്തിയെ ദൈവസഭ സ്വീകരിച്ച് അവർക്ക് ദൈവവചനം പറഞ്ഞുകൊടുത്ത് അവരെ രക്ഷയിലേക്ക് നടത്തണം. പിന്നീട് അവർ പതുക്കെ ആഭരണങ്ങൾ ഊരുവാൻ തയ്യാറാകും. ഇല്ലെങ്കിലും അവരെ അതിനു നിർബന്ധിക്കരുത്.

> ദൈവം ഇത്രയും വിലകൂടിയ രത്ന നിർമിത സ്വർഗ്ഗീയ യെരുശേലമിൽ പാർക്കാൻ അവസരം നൽകിയാൽ ഞാൻ ഭൂമിയിൽ ഇതോന്നും ഉപയോഗിച്ചിട്ടില്ല. അതുകൊണ്ട് എനിക്ക് വേണ്ട എന്നു ദൈവമക്കൾ പറയുമോ? നമ്മുടെ കേരളത്തിൽ മാത്രമാണ് ആഭരണങ്ങൾ ധരിക്കുന്നവരെ പെന്തെക്കോസ്ത സഭകളിൽ കയറ്റാൻ മടിക്കുന്നത്.

നിങ്ങളുടെ നിക്ഷേപം ഉള്ളടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും (മത്തായി 6:21). നമ്മുടെ നിക്ഷേപം സ്വർഗ്ഗത്തിൽ ആണെന്നുള്ള ചിന്ത ഈ ലോകത്തിന്റെ മായ വസ്തുക്കളിൽ നമ്മുടെ ഹൃദയം പതിയ്ക്കുകയില്ല. പുറമേയുള്ളതല്ല മനുഷ്യനെ അശുദ്ധനാക്കുന്നത്. അകത്തുനിന്ന് വരുന്നതാണ് അശുദ്ധനാക്കുന്നത്. സ്വർണ്ണം അണിഞ്ഞതുകൊണ്ടോ, ഊരിമാറ്റിയതുകൊണ്ടോ ആരും സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നില്ല. ദൈവഹിതപ്രകാരം നടക്കുന്ന വ്യക്തികൾക്ക് ദൈവരാജ്യം കൈവശമാക്കാം. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളതു (മത്തായി 5:3). പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയില്ല. കൂടാതെ വെള്ളത്തിലും ആത്മാവിനാലും ജനിച്ച് ദൈവരാജ്യത്തിൽ എത്തുവാൻ നമുക്ക് ശ്രമിക്കാം.

LANDWAY HEALTH TIPS

# സ്കിൻ ടാക് മാറാൻ ഒറ്റമൂലികൾ

നമ്മുടെ ശരീരത്തിൽ ഉണ്ടാകുന്ന കറുത്ത പാടുകളും മുഖക്കുരുവും മനുഷ്യന്റെ സൗന്ദര്യത്തിന് എതിരായി പലപ്പോഴും മാറാറുണ്ട്. പലരുടെയും ശരീരത്തിൽ പലരും ഇത് ഒളിച്ചുവയ്ക്കാറുണ്ട്. ഇത് പല പേരുകളിലും ഭാവങ്ങളിലുമാണ് അറിയപ്പെടുന്നത്. നമ്മുടെ സ്ഥലം മാറുന്നതോടൊപ്പം ഭാഷയ്ക്കും മാറ്റം വരാറുള്ളതുപോലെ പല പല പേരുകളിലും ഇത് അറിയപ്പെടുന്നതായി കാണുന്നു. കറുത്ത കുത്തുകൾ, അരിമ്പാറ, പാലുണ്ണി എന്നീ പേരുകളിലാണ് അറിയപ്പെടുന്നു. കൃത്യമായി കാരണം കണ്ടുപിടിച്ച് പരിഹാരമാർഗ്ഗത്തിലേക്ക് നാം തിരിഞ്ഞാൽ സ്കിൻ ടാകിലെ ഈ വിധ രോഗലക്ഷണങ്ങൾ മാറ്റാം. ചില ഒറ്റമൂലികൾക്ക് ഇത്തരം സ്കിൻ ടാഗിനെയും ഫ്രക്കിൾസിനും മുഖത്തുണ്ടാകുന്ന കറുത്ത കുത്തുകളെയും എല്ലാം ഇല്ലാതാക്കും. അതിനെക്കുറിച്ചുള്ള ചില പരിഹാരമാർഗ്ഗങ്ങൾ താഴെ കൊടുക്കുന്നു.

**1. നാരങ്ങാവെള്ളം:** നാരങ്ങാ വെള്ളം ധാരാളം കുടിക്കുന്നതിലൂടെയും മുഖത്തെ പ്രശ്നത്തിന് പരിഹാരം ലഭിക്കാൻ സാധ്യതയുണ്ട് എന്ന് തെളിഞ്ഞിട്ടുണ്ട്. നാരങ്ങാ നീര് മുഖത്ത് പുരട്ടുകയോ നാരങ്ങാ മുഖത്ത് അരച്ചുപുരട്ടുകയോ ചെയ്താൽ സ്കിൻ ടാഗ് മാറിക്കിട്ടും. ഇതിലെ അസിഡിറ്റി ഗുണം മുഖം ബ്ലീച്ച് ചെയ്യുന്നതിന് തുല്യമാകും. ധാരാളം നാരങ്ങാവെള്ളം കുടിക്കുന്നതിനാൽ മുഖത്തെ കാന്തിയും ഭംഗിയും ഉടലെടുക്കുമെന്നും പറയപ്പെടുന്നു.

**2. പഴങ്ങൾ:** പഴങ്ങളിൽ പപ്പായയാണ് ഏറ്റവും നല്ലത്. പപ്പായ ഗുണകരമായ ഭക്ഷണം തന്നെയാണ്. ഭക്ഷണകാര്യങ്ങളിൽ പപ്പായയുടെ സ്ഥാനം അതിപ്രധാനം തന്നെയാണ്. പപ്പായ വീടുകളിൽ വളരുന്നതിനാൽ കൃത്രിമവളങ്ങളോ കീടനാശിനികളോ ആരും ചെയ്യാറില്ല. വലിയ വലിയ ഹോട്ടലുകളിൽ പപ്പായയുടെ സ്ഥാനം അതിപ്രധാനമാണ്. കീടനാശിനികൾ ഭക്ഷണപദാർത്ഥങ്ങളിൽ പലരും ഉപയോഗിക്കുന്നതിനാൽ ഇപ്പോഴത്തെ വില്ലനായ ക്യാൻസറിന് വളരുവാൻ ഒരു വളക്കൂറായി മാറിയിരിക്കുന്നു.

**3. പാഴ്ളി:** പാഴ്ളി ഭക്ഷണത്തിന് മാത്രമല്ല ഉപയോഗിക്കുന്നത്. മുഖത്തെ ഇത്തരത്തിലുള്ള പ്രശ്നപരിഹാരത്തിനായും പലരും ഉപയോഗിക്കുന്നു. പാഴ്ളി, മഞ്ഞൾ, നാരങ്ങാ നീര് ഒരുമിച്ച് അരച്ച് മുഖത്ത് പുരട്ടി യാൽ വളരെ അനുഗ്രഹം തന്നെയാണ്. ഇത് മുഖത്തെ കറുത്ത പാടുകളെയും പുള്ളികളെയും ഇല്ലാ താക്കുന്നുവെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു.

**4. ചിക്പീസ്:** ചിക്പീസിന് ധാരാളം ഗുണങ്ങൾ ഉള്ളതായി നമുക്കറിയാം. ആരോഗ്യത്തിനും സൗന്ദര്യത്തിനും ഇത് വളരെ ഉപകാരം തന്നെയാണ്. ചിക്പീസ് മുഖത്തെ കറുത്ത പാടുള്ളിടത്ത് അരച്ച് പുരട്ടിയാൽ പാടു മാറിക്കിട്ടും.

**5. സംഭാരം:** സംഭാരം ദാഹശമനിയാണെങ്കിലും അതിനോട് അൽപം നാരങ്ങാ നീര് അരച്ച് (മുഴുവനായും നാരങ്ങാ അരക്കുന്നതുകൊണ്ട് ദോഷമില്ല) മുഖത്തെ കറുത്ത പാടും കുത്തുകളുമുള്ള ഇടത്ത് തേച്ച് പിടിപ്പിച്ച് ഏകദേശം ഒരു മണിക്കൂർ കാത്തിരുന്നാൽ വ്യത്യാസമുണ്ടാകും. മാത്രമല്ല സ്ഥിരം ചെയ്യുകയാണെ ങ്കിൽ വളരെ വ്യത്യാസം മുഖത്ത് കാണുവാൻ കഴിയും.

**6. തൈര്:** മുഖത്ത് തൈര് തേച്ച് പിടിപ്പിക്കുന്നത് മുഖകാന്തി വർദ്ധിപ്പിക്കും. ഒരൽപം നാരങ്ങാ നീരും കൂടിയായാൽ പറയാതെ തന്നെ സൗന്ദര്യവർദ്ധനവ് ലഭിക്കുമെന്ന് നമുക്ക് ചിന്തിക്കാമെന്നേയുള്ളു. തൈരും നാരങ്ങാ നീരും ലയിപ്പിച്ച് പഞ്ഞിയിൽ മുക്കി മുഖത്തെ കറുത്ത പാടുകൾക്ക് മുകളിൽ വച്ചാൽ വേഗത്തിൽ മാറ്റം വരും.

**7. കറ്റാർവാഴ:** കറ്റാർവാഴ ആരോഗ്യസൗന്ദര്യ ഗുണങ്ങളിൽ മുൻപിലാണ്. കറ്റാർവാഴ ലേഹ്യം, കറ്റാർവാഴ അച്ചാർ, കറ്റാർവാഴ ജൂസ് എന്നിവ ശരീരത്തിന് വളരെ ഗുണം ചെയ്യുന്നുവെന്ന് തെളിയിച്ചിട്ടുണ്ട്. കറ്റാർ വാഴയുടെ നീരും നാരങ്ങാനീരും സമത്തിന് ചേർത്ത് കറുപ്പ് ഭാഗത്ത് തേച്ച്പിടിപ്പിച്ചാൽ ഗുണമുണ്ടാകും.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ക്രമീകൃതമായി പാലിച്ചാൽ മുഖത്തിന്റെയും മനസ്സിന്റെയും സൗന്ദര്യം വർദ്ധിക്കുകയും ദീർഘായുസ്സു ലഭിക്കുകയും ചെയ്യുമെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു.

LANDWAY
Bringing You Closer to God
LANDWAY NEWS
PUBLISHED FROM PATHANAMTHITTA
VOLUME NO. 3, ISSUE NO.3 | PAGES 8 | PRICE: Rs. 10/-
10 MARCH 2017
Olive Thottathil, Thumpamon P.O.,
Pandalam, Pathanamthitta Dist,
Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
WWW.LANDWAYNEWS.COM
RNI-KERBIL/2015/62054.
Postal Registration No.
KL/PTA/93/2015 - 2017.
WPP License Number:
KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/03/2017

# സോൾ വിന്നേഴ്സ് ഇന്ത്യ 21-ാമത് വാർഷിക കൺവൻഷൻ ഫെബ്രുവരിയിൽ

ആന്ധ്രപ്രദേശ്: സോൾ വിന്നേഴ്സ് ഇന്ത്യ 21-ാമത് വാർഷിക കൺവൻഷനും ബെഥേൽ ബൈബിൾ സെമിനാരികളുടെ സംയുക്ത ഗ്രാജുവേഷനും ആന്ദ്രപ്രദേശിൽ തെന്നാലിയിൽ വച്ച് ഫെബ്രുവരി 24,25,26 തീയതികളിൽ നടത്തപ്പെടും.

ഡയറക്ടർ പാസ്റ്റർ സന്തോഷ് ഈശോ 24-ന് കൺവൻഷൻ ഉത്ഘാടനം ചെയ്യും. സുവിശേഷയോഗം, ബൈബിൾ കോളേജ് ഗ്രാജുവേഷൻ, പവർ കോൺഫറൻസ്, ലേഡീസ് മീറ്റിംഗ്, സംയുക്ത സഭായോഗം എന്നിവയും ഉണ്ടായിരിക്കും. 2009 മുതൽ സോൾ വിന്നേഴ്സ് ഇന്ത്യ ആസ്ഥാനമായ മദ്ധ്യപ്രദേശിലെ ബഡ്വാഹയിലായിരുന്നു വാർഷിക കൺവൻഷനും, ഗ്രാജുവേഷനും നടന്നിരുന്നത്. ഈ തവണ ആന്ദ്രയിലെ തെന്നാലിയിലെ ബൈബിൾ കോളേജിന്റെ നേതൃത്വത്തിലാണ് പ്രസ്തുത യോഗങ്ങൾ നടത്തുക. ഡോ. റെ പൊഫാം, ഡോ. ജയിംസ് കളയ്ക്കാട്, ഡോ. സ്റ്റാലിൻ കെ. തോമസ്, പാസ്റ്റർ സൈമൺ ചാക്കോ, സുവിശേഷകൻ ഷാജു ഈശോ, പാസ്റ്റർ സന്തോഷ് ഈശോ, പാസ്റ്റർ ജോൺസൺ ഏബ്രഹാം, സിസ്റ്റർ ഷീബ എന്നിവർ മുഖ്യസന്ദേശങ്ങൾ നൽകും. പാസ്റ്റർ സന്തോഷ് ഈശോ ജനറൽ കൺവീനറായുള്ള വിപുലമായ കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## പുറകിൽ ഇരിക്കുന്നവർക്കും ഹെൽമെറ്റ് നിർബന്ധമാക്കി

തിരുവനന്തപുരം: ഇരുചക്രവാഹനത്തിന്റെ പുറകിൽ ഇരിക്കുന്നവർക്കും ഹെൽമറ്റ് നിർബന്ധമാക്കിയുള്ള നിയമം നിലവിൽ വന്നു. ദക്ഷിണ മേഖലാ എ.ഡി.ജി.പി സന്ധ്യയുടെ ഉത്തരവ് അനുസരിച്ചാണ് സംസ്ഥാന പോലീസ് ഈ നിയമം പ്രാവർത്തികമാക്കുന്നത്. കഴിഞ്ഞ ദിവസം ഈ ഉത്തരവുകൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും എത്തിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമം കർശനമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഹെൽമറ്റ് ഇല്ലാതെ യാത്ര ചെയ്താൽ മോട്ടോർ വാഹനനിയമപ്രകാരം 100 രൂപയാണ് പിഴ ഈടാക്കു ന്നത്. ഈ പിഴ കഴിഞ്ഞ ദിവസംവരെ മുൻപിൽ ഇരിക്കുന്ന (വാഹനം ഓടിക്കുന്ന വ്യക്തിക്ക്) വർക്ക് ആയിരുന്നു. ഇനി പുറകിൽ ഇരിക്കുന്നവർക്കും പിഴ ഈടാക്കും. വാഹനാപകടങ്ങൾ ഒഴിവാക്കാൻ നിയമം നിലവിൽ കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചിരുന്നു.

## പന്തളം സെന്റർ കൺവൻഷൻ സമാപിച്ചു

കൈപ്പട്ടൂർ: 27 -ാമത് പന്തളം സെന്റർ കൺവൻഷൻ ഐ.പി.സി. ഗോസ്പൽ സെന്റർ കൈപ്പട്ടൂർ സഭയുടെ നേതൃത്വത്തിൽ 2017 ഫെബ്രുവരി 22 മുതൽ 26 വരെ എല്ലാ ദിവസവും 6 മണി മുതൽ വൈകിട്ട് 9 മണി വരെ നടത്തപ്പെട്ടു. ദൈവദാസന്മാരായ ജോൺ ജോർജ്ജ് (പന്തളം സെന്റർ പാസ്റ്റർ) വർഗീസ് എബ്രഹാം, സാജു. സി. ജോസഫ്, കെ.സി. തോമസ്, കെ. ജെ. തോമസ്, ഗരസീം പി. ജോൺ എന്നിവർ ദൈവവചനം പ്രസംഗിച്ചു. ഗാനശുശ്രൂഷയ്ക്ക് പന്തളം ഗോസ്പൽ ബീറ്റ്സ് നേതൃത്വം നൽകി.

# അമ്മമാർക്ക് ബസിൽ പുതിയ സംവിധാനം

അമ്മമാർ ബസിൽ യാത്രചെയ്യുമ്പോൾ കൈകുഞ്ഞിന് മുലയൂട്ടുവാൻ പൊതുവേദികളിൽ അവസരം പലപ്പോഴും ലഭിക്കാറില്ല. ഇനി മുതൽ കൈകുഞ്ഞുള്ള അമ്മമാർക്ക് കുഞ്ഞിന് മുലയൂട്ടുവാൻ ബസിന കത്ത് പ്രത്യേക സംവിധാനം ഇന്ത്യാ ഗവൺമെന്റ് ഒരുക്കിയെടുക്കുന്നു. അമ്മയുടെ സ്വകാര്യത നിലനിർത്തി ക്കൊണ്ട് കുഞ്ഞിനെ മുലയൂട്ടുവാൻ പ്രത്യേകതരത്തിലുള്ള ക്യാബിനുകൾ ബസിനുള്ളിൽ ക്രമീകരിച്ചുകൊണ്ട് മധ്യപ്രദേശ് ഗവൺമെന്റിന്റെ നിയമം നിലവിൽ വന്നു. ഇത് സർക്കാർ ബസുകളിൽ മാത്രമല്ല പ്രൈവറ്റ് ബസിനുള്ളിലും ഇത്തരം സംവിധാനം രാജ്യമൊട്ടുക്കും നിലവിൽ വരുവാനുള്ള ക്രമീകരണം കൊണ്ടുവരുവാൻ ഗവൺമെന്റ് തലത്തിൽ ചർച്ചകൾ നടന്നുവരികയാണ്.

പക്ഷേ ഇങ്ങനെയുള്ള ക്യാബിനുകൾ നിലവിൽ വന്നാൽ ചിലപ്പോൾ ഗുണത്തെക്കാൾ ഏറെ ദോഷ ത്തിനും ഇടവരാൻ സാധ്യതയുണ്ട് എന്നും പറയപ്പെടുന്നു. ഇതിന്റെ മറവിൽ മുതലെടുപ്പ് നടത്താനും രാജ്യ ദ്രോഹികൾ തലയെടുക്കുമെന്നും പറയപ്പെടുന്നു. ഡൽഹി പോലുള്ള സ്ഥലങ്ങളിൽ നടന്ന ബസിനുള്ളിലെ സംഭവങ്ങളും ഇതിന് ഉദാകരണമായി ചൂണ്ടിക്കാട്ടുന്നു.

## ലാൻഡ്‌വേ സാഹിത്യ അവാർഡ്

ലാൻഡ്‌വേ സാഹിത്യ അവാർഡ് 2016-ലെ അവാർഡ് ജേതാക്കളെ തിരെഞ്ഞെടുത്തു. ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന ഔദ്യോഗിക ചടങ്ങിൽ വച്ച് വിജയികൾക്ക് ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും നൽകുന്നതായിരിക്കും. സമയവും വേദിയും പിന്നീട് അറിയിക്കും.







## ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

## ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്‌വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

Santhosh Pandalam
A/C No: 14170100002307,
IFSC Code: FDRL0001417
MICR Code: 689049476

Federal Bank,
Pandalam Branch,
Pathanamthitta Dist.,
Kerala, India

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.